വാദി ഉറയ്യ- മരുഭൂമിയുടെ കണ്ണീര്: അഷ്റഫ് പേങ്ങാട്ടയിൽ

അയ്യപ്പപണിക്കർ സ്മരണ: കെ.വി. ബേബി

₹ 12

# ചന്ദ്രിക

2011 ഓഗസ്റ്റ് 6-12

ആഴ്ചപ്പതിപ്പ്



## യാത്രയുടെ ഉൾക്കണ്ണുകൾ

സഞ്ചാര സാഹിത്യകാരൻ എന്ന നിലയിൽ എസ്.കെ. പൊറ്റക്കാട്ടിന്റെ ശക്തി ദൗർബല്യങ്ങൾ എന്തൊക്കെയായിരുന്നു? സക്കറിയയുടെ യാത്രയുമായി അതെങ്ങനെ ഭിന്നമായിരിക്കുന്നു?

## ആഷാമേനോൻ തുറന്നെഴുതുന്നു

## ഒ.അബ്ദുല്ലയുടെ യാത്രാവിവരണം ആരംഭിക്കുന്നു

സിറിയ, ഈജിപ്ത്, പലസ്തീൻ, ഇസ്രായേൽ, ബഹ്റൈൻ, ജോർദാൻ എന്നീ രാജ്യങ്ങളിലെ അപൂർവ്വകാഴ്ചകൾ

ഡോ. അസീസ് തരുവണ

Rama is born in countless ways,
and there are tens of millions of Ramayanas
(Tulsidas, Ramacharithamanas 1:33:6).

**നി**രന്തരം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന വടവൃക്ഷമാണ് രാമായണസാഹിത്യം. അതിന് ആഴമാർന്ന വേരുകളും ശാഖോപ ശാഖകളുമുണ്ട്. വേരുകൾ ഭാരതീയമാണെങ്കിലും ശാഖകൾ ഏഷ്യൻ രാജ്യങ്ങളിലേക്കാകെ വളർന്നുപന്തലിക്കുകയും അവിട ങ്ങളിലെ സംസ്കൃതികളെ കരുപ്പിടിപ്പിക്കുന്നതിൽ നിർണായക സ്ഥാനം ആർജിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിലെയും സമീ പസ്ഥമായ പ്രദേശങ്ങളിലെയും വാമൊഴി, വരമൊഴി സാഹിത്യരൂ പങ്ങളെ ഇത്രമേൽ സ്വാധീനിച്ച മറ്റൊരു ഇതിവൃത്തമില്ലെന്ന് നിസ്സംശയം പറയാം.

# എത്രയെത്രരാമായണങ്ങൾ...

ജീവിതത്തിന്റെ ഓരോ ഘട്ടത്തിൽ വായിക്കുമ്പോഴും പുത്തൻ അർഥങ്ങളും ആസ്വാദ്യതയും അനുഭവവേദ്യമാകുന്ന അനശ്വര കൃതികളാണ് ഇതിഹാസങ്ങൾ. അവ ആസ്വാദകന്റെ മനസ്സിൽ നിന്ന് മായാതെ, സവിശേഷമായ സ്വാധീനം ചെലുത്തി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. അവ വ്യക്തിയുടെയും സമൂഹത്തിന്റെയും അബോധമനസ്സിൽ ആഴത്തിൽ സ്വാധീനം ചെലുത്തി മൂർത്തരൂപത്തിൽ നിലനിൽക്കും. രാമായണവും മഹാഭാരതവും ഇതിന് ദൃഷ്ടാന്തമാണ്.



ജീവിതത്തിന്റെ ഓരോ ഘട്ടത്തിൽ വായിക്കുമ്പോഴും പുത്തൻ അർഥങ്ങളും ആസ്വാദ്യതയും അനുഭവവേദ്യമാകുന്ന അനശ്വര കൃതികളാണ് ഇതിഹാസങ്ങൾ. അവ ആസ്വാദകന്റെ മനസ്സിൽ നിന്ന് മായാതെ, സവിശേഷമായ സ്വാധീനം ചെലുത്തി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. അവ വ്യക്തിയുടെയും സമൂഹത്തിന്റെയും അബോധമനസ്സിൽ ആഴത്തിൽ സ്വാധീനം ചെലുത്തി മൂർത്തരൂപത്തിൽ നിലനിൽക്കും. രാമായണവും മഹാഭാരതവും ഇതിന് ദൃഷ്ടാന്തമാണ്.

രാമായണകഥയുടെ ഇതിവൃത്തം എന്നു രൂപപ്പെട്ടുവെന്ന് ഖണ്ഡിതമായി പറയുക സാധ്യമല്ല. എന്നാൽ, വാല്മീകി മഹർഷിക്കു മുമ്പുതന്നെ വാമൊഴിയായി രാമായണകഥകൾ പ്രചരിച്ചിരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. "വാല്മീകി രാമായണത്തിനു മുമ്പുതന്നെ രാമകഥയെ അടിസ്ഥാനമാക്കിയുള്ള ആഖ്യാനങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. മഹാഭാരതത്തിന്റെ ദ്രോണപർവത്തിലെയും ശാന്തിപർവത്തിലെയും സംക്ഷിപ്ത രാമകഥയിൽ നിന്നും മറ്റും ഇതിനുള്ള തെളിവ് ലഭിക്കുന്നുണ്ട്. ഈ ആഖ്യാനങ്ങൾ ഇപ്പോൾ ലഭ്യമല്ല. അതുകൊണ്ടാണ് വാല്മീകി രാമായണം രാമകഥയുടെ പ്രാചീനതമമായ വിസ്തൃതകൃതിയായിത്തീർന്നത്" എന്ന് ഫാദർ കാമിൽ ബുൽക്കെ.1

മധ്യപ്രദേശിലെ രണ്ട് ഗോത്രങ്ങൾക്കിടയിൽ നടന്ന സംഭവമായിരിക്കാം രാമായണത്തിന് അടിസ്ഥാനമായ കഥാബീജം എന്ന് വാല്മീകി രാമായണത്തിലെ സ്ഥലികളെക്കുറിച്ച് ആഴമാർന്ന പഠനം നടത്തിയ പുരാവസ്തു ഗവേഷകനായ എച്ച്.ഡി. സങ്കാലിയ അഭിപ്രായപ്പെടുന്നു.2

ആദിയിൽ ഒരു ചെറുകഥാരൂപമായിരുന്ന കഥയെ വാമൊഴി, നാടോടി ഗായകരും മറ്റും പറഞ്ഞും പാടിയും വികസിപ്പിച്ചതായിരിക്കണം ഇന്നത്തെ വിസ്തൃതമായ രാമകഥാസാഹിത്യം. നാടോടി ഗായകർ അവർക്കിഷ്ടമുള്ള ഭാഗങ്ങൾ പൊലിപ്പിച്ചു പറയുക സാധാരണമാണ്. വാമൊഴി ഗായകസംഘങ്ങൾ ഈ കഥകൾ പാടിനടന്നിരുന്നു എന്ന സൂചന വാല്മീകി രാമായണത്തിൽ നിന്നു വായിച്ചെടുക്കാവുന്നതാണ്.3 കാവ്യോപജീവികളായ പാട്ടുസംഘജാതികൾ ഇന്ത്യയിൽ എക്കാലത്തുമുണ്ടായിരുന്നുവല്ലോ.

രാമായണം വാല്മീകി ശിഷ്യൻമാർക്ക് മനഃപാഠമായിരുന്നുവത്രേ. കുശലവന്മാർ രാമായണം പാടിപ്പാടി തങ്ങളുടെ ശ്രോതാക്കളുടെ താൽപര്യം വർധിപ്പിച്ചിരിക്കാം. കാവ്യകുശലന്മാരായിരുന്ന ഗായകൻമാർ ജനങ്ങൾക്കു താൽപര്യമുള്ള ഭാഗങ്ങൾ ആവർത്തിച്ചും അതിശയോക്തിപരമായും പാടിയിരിക്കണം. ഏതെങ്കിലും ഒരു ഭാഗത്തിന് കൂടുതൽ പ്രാധാന്യം നൽകുമ്പോൾ ഗായകർ അവരുടേതായ സംഭാവനകൾ, കൂട്ടിച്ചേർക്കലുകൾ നടത്തുന്നു; കൂടുതൽ ഉദ്വേഗജനകമാക്കാൻ ശ്രമിക്കുന്നു. സ്തോഭജനകമായ ഭാഗങ്ങൾ കേൾവിക്കാരെയും കാഴ്ചക്കാരെയും ഹഠാദാകർഷിക്കും. ഇത്തരം ഭാഗങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കും.

വാമൊഴിയായി പ്രചരിച്ച കഥകളിൽ തങ്ങളുടെ ഭാവന കലർത്തി എഴുതിയവയാണ് ആദ്യകാല ലിഖിത രാമായണങ്ങൾ. വാല്മീകിയുടേതെന്നപോലെ ഒട്ടേറെ മഹർഷിമാരുടെ പേരിൽ രാമായണങ്ങൾ ലഭ്യമാണ്. ശ്രീരാമദാസഗൗഡൻ തന്റെ 'ഹിന്ദുത്വം' എന്ന ഗ്രന്ഥത്തിൽ 19 രാമായണങ്ങളിലെ കഥാവസ്തുവിന്റെ സംക്ഷേപം കൊടുത്തിട്ടുണ്ട്. അവയിൽ പലതും ബൃഹദ്കാവ്യങ്ങളാണ്. 1. മഹാരാമായണം (24,000 ശ്ലോകങ്ങൾ) 2. സംവൃത രാമായണം (32,000) 3. ലോമശരാമായണം (32,000 ശ്ലോകങ്ങൾ) 4. അഗസ്ത്യരാമായണം (16,000) 5. മഞ്ജുള രാമായണം (1,20,000) 6. സൗപത്മരാമായണം (40,000) 7.രാമായണമഹാമാല (56,000) 8. സൗഹാർദ രാമായണം (40,000) 9. രാമായണ മണിരത്നം (36,000) 10. സൗര്യരാമായണം (62,000) 11. ചാന്ദ്ര രാമായണം (75,000) 12. മൈന്ദരാമായണം (52,000) 13. സ്വയംഭുവരാമായണം (18,000) 14. സുബ്രഹ്മരാമായണം (32,000) 15. സുവർച്ചസരാമായണം (15,000) 16. ദേവരാമായണം (10,000) 17. ശ്രവണരാമായണം (12,500) 18. ദുരന്തരാമായണം (61,000) 19. രാമായണ ചമ്പു.

മേൽപറഞ്ഞ രാമായണങ്ങളിൽ പലതും മഹർഷിമാരാൽ വിരചിതമാണെന്ന് പറയപ്പെടുന്നു. ഇതിൽ സംവൃതരാമായണം നാരദ മഹർഷി രചിച്ചതാണ്. (നാരദ മഹർഷി ഗായകനായിരുന്നു. പുരാണങ്ങളിൽ സാർവത്രികമായി കാണപ്പെടുന്ന ഒരു കഥാപാത്രം കൂടിയാണ് നാരദൻ). ലോമശരാമായണം പേരു സൂചിപ്പിക്കുന്നതുപോലെ ലോമശഋഷി രചിച്ചതാണ്. (പുരാണ കാഥികനായിരുന്നു ലോമശൻ. പുരാണങ്ങളിൽ കാണുന്ന പല ഉപകഥകളും ലോമശൻ പല ഘട്ടങ്ങളിലായി പറഞ്ഞുകേൾപ്പിച്ചിട്ടുള്ളവയാണെന്ന് ലഘുപുരാണ നിഘണ്ടുവിൽ കാണാം4). അഗസ്ത്യരാമായണം അഗസ്ത്യമുനി രചിച്ചതാണ്. (തമിഴ് സാഹിത്യത്തിലെ ഏറ്റവും പുരാതനമായ 'തൊൽകാപ്യം' എന്ന വ്യാകരണ ഗ്രന്ഥം രചിച്ചത് അഗസ്ത്യന്റെ ഒരു ശിഷ്യനായ തൊൽകാപ്യർ ആയിരുന്നു.5 മഞ്ജുള രാമായണം സുതിഷ്ണൻ എന്ന മുനിയും (വനവാസഘട്ടത്തിൽ രാമലക്ഷ്മണൻമാർ ഈ മുനിയുടെ ആശ്രമം സന്ദർശിച്ചതായി കാണാം). സൗപത്മരാമായണം ബ്രഹ്മാവിന്റെ മാനസപുത്രൻമാരിൽ ഒരാളും സപ്തർഷികളിൽ ഒരുവനുമായ അത്രിമഹർഷി രചിച്ചതാണ്. (ഋഗ്വേദം, അഞ്ചാം മണ്ഡലം പണ്ഡിതനായ അത്രി മഹർഷി രചിച്ചതാണത്രേ6).

മേൽപറഞ്ഞ 19 രാമായണകഥകളുടെയും ഘടന വാല്മീകിയിൽ നിന്നു വളരെ വ്യത്യസ്തമാണ്. മഹാരാമായണവും രാമായണമഹാമാലയും ശിവ-പാർവതീ സംവാദരൂപത്തിലാണ്. രാമായണമണിരത്നം വസിഷ്ഠ-അരുന്ധതീ സംവാദരൂപത്തിലും സൗര്യരാമായണം ഹനുമാൻ-സൂര്യസംവാദഘടനയിലും ചാന്ദ്രരാമായണം ഹനുമാന്റെയും സൂര്യന്റെയും സംവാദരൂപത്തിലും മൈന്ദരാമായണം മൈന്ദ-കൗരവ സംവാദരൂപത്തിലും സ്വയംഭുവരാമായണം ബ്രഹ്മ-നാരദസംവാദത്തിലുമാണ്. സുവർച്ചസ രാമായണമാകട്ടെ സുഗ്രീവ-താരാ സംവാദഘടനയിലും ദേവരാമായണം ഇന്ദ്ര-ജയന്ദ സംവാദരൂപത്തിലും ശ്രവണരാമായണം ഇന്ദ്ര-ജനക സംവാദരൂപ

മധ്യപ്രദേശിലെ രണ്ട് ഗോത്രങ്ങൾക്കിടയിൽ നടന്ന സംഭവമായിരിക്കാം രാമായണത്തിന് അടിസ്ഥാനമായ കഥാബീജം എന്ന് വാല്മീകി രാമായണത്തിലെ സ്ഥലികളെക്കുറിച്ച് ആഴമാർന്ന പഠനം നടത്തിയ പുരാവസ്തു ഗവേഷകനായ എച്ച്.ഡി. സങ്കാലിയ അഭിപ്രായപ്പെടുന്നു.2 ആദിയിൽ ഒരു ചെറുകഥാരൂപമായിരുന്ന കഥയെ വാമൊഴി, നാടോടി ഗായകരും മറ്റും പറഞ്ഞും പാടിയും വികസിപ്പിച്ചതായിരിക്കണം ഇന്നത്തെ വിസ്തൃതമായ രാമകഥാസാഹിത്യം. നാടോടി ഗായകർ അവർക്കിഷ്ടമുള്ള ഭാഗങ്ങൾ പൊലിപ്പിച്ചു പറയുക സാധാരണമാണ്. വാമൊഴി ഗായകസംഘങ്ങൾ ഈ കഥകൾ പാടിനടന്നിരുന്നു എന്ന സൂചന വാല്മീകി രാമായണത്തിൽ നിന്നു വായിച്ചെടുക്കാവുന്നതാണ്.3



ത്തിലും ദുരന്തരാമായണം വസിഷ്ഠ-ജനകസംവാദഘടനയിലും രാമായണ ചമ്പു ശിവ-നാരദസംവാദരൂപത്തിലുമാണ്.

ഒരുപക്ഷേ, മുകളിൽ പരാമർശിച്ച രാമായണങ്ങൾ കൂടാതെ കാലത്തെ അതിജീവിക്കാത്ത ഒട്ടേറെ രാമായണങ്ങൾ ഉണ്ടായിരിക്കാനാണ് സാധ്യത. ആദിരാമായണത്തെ ആസ്പദമാക്കി വ്യത്യസ്ത പാഠങ്ങൾ ഉത്പാദിപ്പിക്കുന്ന അനേകം രാമായണങ്ങൾ ഉണ്ടായിരിക്കണം. അവയിൽ ഏറ്റവും മികച്ചതും വായനക്കാരെ ഏറ്റവും ആകർഷിച്ചതുമായിരിക്കണം വാല്മീകി രാമായണം.

രാമായണത്തിന്റെ കർതൃത്വം ഹനുമാനിൽ ആരോപിക്കുന്ന പാഠങ്ങൾ ഒട്ടേറെയുണ്ട്. രാമായണം എഴുതി പൂർത്തിയാക്കിയ ശേഷം പർവതശിഖരത്തിൽ നിന്ന് ഹനുമാൻ ആ കൈയെഴുത്തുപ്രതി വിതറിക്കളഞ്ഞുവത്രേ. അതു പെറുക്കിക്കൂട്ടുന്ന ജോലി മാത്രമാണ് വാല്മീകി ചെയ്തത് എന്നൊരു നാടോടിക്കഥയുണ്ട്.7

രാമൻ സീതയെ പരിത്യജിച്ച ശേഷം ഹനുമാൻ ഏറെ വേദന അനുഭവിച്ചു. രാമന്റെ ദുഃഖം കാണേണ്ടിവരിക കൂടി ചെയ്തപ്പോൾ ഹനുമാനത് താങ്ങാനായില്ല. അങ്ങനെ ഖിന്നനായി കഴിയുന്ന കാലത്ത് പാറക്കല്ലുകളിൽ ഹനുമാൻ രാമചരിതം രേഖപ്പെടുത്തിയത്രേ. ഒരിക്കൽ അതുവഴി വന്ന വാല്മീകി ശിലാഖണ്ഡങ്ങൾ കാണുകയും അതിൽ എഴുതിയ രാമകഥ വായിക്കുകയും ചെയ്തു. അത്യന്തം ഹൃദയഹാരിയായി തോന്നിയ ഈ കഥ, താൻ ഗ്രന്ഥരൂപത്തിലാക്കാമെന്ന് വാല്മീകി ഹനുമാനെ അറിയിച്ചു.

അതു കേട്ട മാത്രയിൽ ഹനുമാൻ അവ ഒന്നൊഴിയാതെ എടുത്ത് സമുദ്രത്തിൽ ആഴ്ത്തിയത്രേ. തന്റെ രാമനെക്കുറിച്ച് താൻ എഴുതിയ കാര്യങ്ങൾ മറ്റൊരാൾക്ക് നൽകുന്നതുപോലും ഹനുമാന് സഹിക്കാൻ കഴിയുമായിരുന്നില്ല.8

അട്ടപ്പാടിയിലെ വരഗമ്പാടി ഊരിലും ഊത്തുകുഴി ഊരിലും ഉള്ള ആദിവാസികൾ, വാല്മീകി മഹർഷി രാമായണം എഴുതി നേരിട്ടുവന്ന് ആദിവാസികളെ ഏൽപിച്ചു എന്നു വിശ്വസിക്കുന്നു. വാല്മീകി രാമായണമെഴുതിയത് തമിഴിലാണെന്നാണ് ഇവരുടെ വിശ്വാസം. വരഗമ്പാടി ഊരിലെ ഇരുളർ അവതരിപ്പിക്കുന്ന 'ശ്രീരാമ കുശലവ നാടകം' പ്രസിദ്ധമാണ്. ഇവരുടെ രാമായണ സങ്കൽപം വാല്മീകി രാമായണത്തിൽ നിന്നു ഭിന്നമാണ്.9

ഏറ്റവും രസകരമായ വസ്തുത, വാല്മീകി രാമായണം പോലും ഏകരൂപമല്ല എന്നതാണ്. ഗൗഡീയം, ദക്ഷിണാത്യം, പശ്ചിമോത്തരീയം എന്നിങ്ങനെ മൂന്നു പാഠങ്ങൾ വാല്മീകി രാമായണത്തിനുണ്ട്. ഇതിൽ ദാക്ഷിണാത്യപാഠത്തിനാണ് താരതമ്യേന കൂടുതൽ പ്രചാരം. ഓരോ പാഠത്തിലും മറ്റു പാഠങ്ങളിലില്ലാത്ത ധാരാളം ശ്ലോകങ്ങൾ കാണാം. ദാക്ഷിണാത്യ പാഠവും ഗൗഡീയപാഠവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ശ്ലോകങ്ങളുടെ സംഖ്യയുടെ മൂന്നിലൊന്നു മാത്രമേ ഓരോന്നിലും ഒരേ പാഠത്തിൽ കാണപ്പെടുന്നുള്ളൂ. മൂന്നു പാഠങ്ങളിലും ലഭ്യമാകുന്ന ശ്ലോകങ്ങളുടെ രൂപംതന്നെ ഒരുപോലെയല്ല. പല സ്ഥലങ്ങളിലും അവയുടെ ക്രമവും വ്യത്യസ്തമാണ് എന്ന് രാമായണ പണ്ഡിതനായ എച്ച്. യാക്കോബി വ്യക്തമാക്കുന്നു.10

വാല്മീകി രചിച്ച രാമായണം ഗായകസംഘത്തിലൂടെയും മറ്റും പ്രചരിച്ച് വളരെ കാലങ്ങൾക്കു ശേഷം വിഭിന്ന തലമുറകളിലൂടെ കടന്നുവന്ന് വരമൊഴി രൂപത്തിലായിത്തീർന്നുവെന്നതായിരിക്കാം ഈ പാഠാന്തരങ്ങൾക്ക് കാരണമെന്ന് കാമിൽ ബുൽക്കെ അനുമാനിക്കുന്നു.11

വാല്മീകി രാമായണത്തിന്റെ രചനാകാലവും ഖണ്ഡിതമല്ല. വാല്മീകി രാമായണം അനുസരിച്ച് 1,81,49,115 വർഷങ്ങൾക്കു മുമ്പാണ് വാല്മീകി രാമായണം രചിക്കപ്പെട്ടത്.12 രാമായണ പണ്ഡിതൻമാർ ഈ കാലഗണന അംഗീകരിക്കുന്നില്ല. ഇത്രയും വർഷങ്ങൾക്കു മുമ്പ് മനുഷ്യവംശം പിറവിയെടുത്തിരുന്നുവോ എന്ന കാര്യം പോലും സംശയമാണ്. രാമായണ ഗവേഷകരിൽ ചിലരുടെ അഭിപ്രായം ഇങ്ങനെയാണ്:

1. ഡോ. എച്ച്. യാക്കോബി: ബി.സി. 6–ാം നൂറ്റാണ്ടിനും 8–ാം നൂറ്റാണ്ടിനും ഇടയിൽ.13
2. ഗ്ലേഗൽ: ബി.സി. 11–ാം നൂറ്റാണ്ടിൽ.14
3. ജി. ഗോരേസിയോ: ഏകദേശം ബി.സി. 12–ാം നൂറ്റാണ്ട്.15

രാമായണത്തിന്റെ കർതൃത്വം ഹനുമാനിൽ ആരോപിക്കുന്ന പാഠങ്ങൾ ഒട്ടേറെയുണ്ട്. രാമായണം എഴുതി പൂർത്തിയാക്കിയ ശേഷം പർവതശിഖരത്തിൽ നിന്ന് ഹനുമാൻ ആ കൈയെഴുത്തുപ്രതി വിതറിക്കളഞ്ഞുവത്രേ. അതു പെറുക്കിക്കൂട്ടുന്ന ജോലി മാത്രമാണ് വാല്മീകി ചെയ്തത് എന്നൊരു നാടോടിക്കഥയുണ്ട്.7 രാമൻ സീതയെ പരിത്യജിച്ച ശേഷം ഹനുമാൻ ഏറെ വേദന അനുഭവിച്ചു. രാമന്റെ ദുഃഖം കാണേണ്ടിവരിക കൂടി ചെയ്തപ്പോൾ ഹനുമാനത് താങ്ങാനായില്ല. അങ്ങനെ ഖിന്നനായി കഴിയുന്ന കാലത്ത് പാറക്കല്ലുകളിൽ ഹനുമാൻ രാമചരിതം രേഖപ്പെടുത്തിയത്രേ.

**രാമായണത്തെപ്പറ്റിയുള്ള ഒരു പതിവുധാരണ രാമായണം ഹൈന്ദവരുടേത് മാത്രമാണെന്നാണ്. ഈയൊരു വിശ്വാസത്തോടെയാണ് പലപ്പോഴും രാമായണം ചർച്ച ചെയ്യപ്പെടാറുള്ളത്. ഇത് രാമായണത്തെ അതിന്റെ പാരമ്പര്യത്തിൽ നിന്നും മനസ്സിലാക്കാത്തതിന്റെ പരിമിതിയാണ്. രാമായണം ഹൈന്ദവരുടെ ഇടയിലെന്നപോലെ, ഏറിയോ കുറഞ്ഞോ ബൗദ്ധ-ജൈന-മുസ്‌ലിം-ദലിത്-ആദിവാസി വിഭാഗങ്ങൾക്കിടയിലും നിലനിൽക്കുന്നുണ്ട്. മതപാഠം എന്നതിനപ്പുറം സാംസ്കാരിക പാഠം എന്ന അർഥത്തിലാണ് രാമായണത്തിന്റെ പ്രചാരം.**

4. സി.വി. വൈദ്യ: ബി.സി. 2-ാം നൂറ്റാണ്ട്.16
5. എ.ബി. കീഥ്: ബി.സി. 4-ാം നൂറ്റാണ്ടിനു മുമ്പ്.17
6. കാമിൽ ബുൽക്കെ: ബി.സി. 300-ാമാണ്ടിനു മുമ്പ്.18

പുരാവസ്തു ഗവേഷകനായ എച്ച്.ഡി. സങ്കാലിയ 'രാമായണവും പുരാവസ്തു ഗവേഷണവും' എന്ന വിഷയത്തെപ്പറ്റി നാഗ്പൂർ സർവകലാശാലയിലെ പ്രാചീന ഇന്ത്യാചരിത്ര സാംസ്കാരിക സമാജത്തിൽ പ്രസംഗിക്കവെ, രാമായണത്തിന്റെ കാലം ബി.സി. 1000 ആണെന്നും അത് രചിക്കപ്പെട്ടത് എ.ഡി. 500-700 കാലഘട്ടത്തിലാണെന്നും പ്രസ്താവിക്കുകയുണ്ടായി.19

എന്തുതന്നെയായാലും, രാമായണത്തെക്കുറിച്ച് വസ്തുനിഷ്ഠപഠനം നടത്തിയ ഒരു പണ്ഡിതനും രാമായണകാലഘട്ടം 1,81,49,115 വർഷം മുമ്പ് എന്ന സങ്കൽപത്തെ അംഗീകരിക്കുന്നില്ല. ബി.സി. ആയിരാമാണ്ടിനപ്പുറം പോകുന്ന പണ്ഡിതൻമാരും കുറവാണ്. ബുദ്ധനെക്കുറിച്ചുള്ള പരാമർശം ഉള്ളതിനാൽ രാമായണ കാലഘട്ടം ബുദ്ധനും ശേഷമാണെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്.20

രാമായണത്തെപ്പറ്റിയുള്ള ഒരു പതിവുധാരണ രാമായണം ഹൈന്ദവരുടേത് മാത്രമാണെന്നാണ്. ഈയൊരു വിശ്വാസത്തോടെയാണ് പലപ്പോഴും രാമായണം ചർച്ച ചെയ്യപ്പെടാറുള്ളത്. ഇത് രാമായണത്തെ അതിന്റെ പാരമ്പര്യത്തിൽ നിന്നും മനസ്സിലാക്കാത്തതിന്റെ പരിമിതിയാണ്. രാമായണം ഹൈന്ദവരുടെ ഇടയിലെന്നപോലെ, ഏറിയോ കുറഞ്ഞോ ബൗദ്ധ-ജൈന-മുസ്‌ലിം-ദലിത്-ആദിവാസി വിഭാഗങ്ങൾക്കിടയിലും നിലനിൽക്കുന്നുണ്ട്. മതപാഠം എന്നതിനപ്പുറം സാംസ്കാരിക പാഠം എന്ന അർഥത്തിലാണ് രാമായണത്തിന്റെ പ്രചാരം. രാമായണം ഒരു ഇന്ത്യൻ ഇതിഹാസം എന്നതിനപ്പുറം ഏഷ്യൻ ഇതിഹാസമായി വളർന്നിട്ടുണ്ട്. ഒട്ടുമിക്ക ഏഷ്യൻ രാജ്യങ്ങളിലും രാമായണ പാഠങ്ങൾ നിലവിലുണ്ട്.

ബൗദ്ധസാഹിത്യത്തിൽ രാമായണത്തിനുള്ള സ്ഥാനം ആഴമാർന്നതാണ്. ശ്രീബുദ്ധൻ തന്റെ അസംഖ്യം പൂർവജന്മങ്ങളിൽ മൃഗ-മനുഷ്യരൂപങ്ങളിൽ ജന്മമെടുത്ത് പങ്കെടുത്തിട്ടുള്ള കഥകളാണ് ജാതകകഥകൾ. പ്രചാരത്തിലുള്ള പല കഥകളും സമർഥമായി ഈ ജാതകകഥകളിലേക്ക് സന്നിവേശിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ച് നന്മയിലും ധർമത്തിലും അധിഷ്ഠിതമായ കഥകൾ. വാമൊഴിയായി പ്രചരിച്ച രാമകഥകളെ ഇത്തരത്തിൽ ബൗദ്ധർ സ്വന്തമാക്കിയിട്ടുണ്ടാവണം. ദശരഥജാതകം, അനാമകംജാതകം, ദശരഥകഥാനം എന്നീ മൂന്ന് ബൗദ്ധസാഹിത്യകൃതികളും രാമകഥയെ സംബന്ധിച്ചുള്ളവയാണ്. ബുദ്ധനും രാമനും ഈ കൃതികളിൽ കടന്നുവരുന്നു. ഇതിൽ ഏറ്റവും പ്രസിദ്ധം ദശരഥജാതകമാണ്. പ്രാചീന പാലീ ഭാഷയിലാണ് ഈ കൃതി രചിക്കപ്പെട്ടത്. 'അനാമകംജാതക'ത്തിന്റെ ഭാരതീയമായ മൂലരൂപം ഇപ്പോൾ ലഭ്യമല്ല. ക്രിസ്തുവർഷം മൂന്നാം ശതാബ്ദത്തിൽ കാങ്-സേങ്-ഹുയി ഈ കൃതി 'ലിയെ ഊതുത് സീകിംഗ്' എന്ന പേരിൽ ചീനഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ദശരഥജാതകത്തിലുള്ള രാമകഥാരൂപമാണ് രാമായണകഥയുടെ മൂലരൂപമെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്. ഡോ. വെബർ, ദിനേശ ചന്ദ്രസേനൻ 21 തുടങ്ങിയവർ ഈ പക്ഷക്കാരാണ്. എന്നാൽ മറ്റു പല പണ്ഡിതന്മാരും ഈ വാദത്തെ നഖശിഖാന്തം എതിർക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു.

ബൗദ്ധജാതകങ്ങളിലെ കഥ അനുസരിച്ച് ദശരഥന്റെ രാജധാനി അയോധ്യയിലല്ല; വാരാണസിയിലാണ്. ബൗദ്ധസാഹിത്യ കൃതികളിൽ പ്രസിദ്ധമായ 'പാലിതിപിടക'ത്തിന്റെ രചന വാല്മീകി രാമായണത്തിനു മുമ്പാണെന്നും അതിനാൽ ബൗദ്ധസ്വാധീനം രാമായണത്തിൽ പതിയുക സ്വാഭാവികമാണെന്നും എം. മോണിമർ വില്യംസ് അഭിപ്രായപ്പെടുന്നു.22

രാമായണത്തിന്റെ രചനാ കാലത്ത് കോസലത്തിൽ ബുദ്ധമതം വേണ്ടത്ര പ്രചരിച്ചു കഴിഞ്ഞിരുന്നു. അതുകൊണ്ട് വാൽമീകി ബ്രാഹ്മണമതത്തിന്റെ ചുറ്റുപാടിലാണ് ജീവിച്ചതെങ്കിലും പരോക്ഷമായി ബൗദ്ധദർശനങ്ങളാൽ പ്രഭാവിതനായിരുന്നു എന്ന് മോണിമർ വില്യംസ് അനുമാനിക്കുന്നു. വാൽമീകി രാമായണത്തിന്റെ ദാക്ഷിണാത്യ പാഠത്തിൽ ഒരിടത്ത് രാമൻ ബുദ്ധനെ കുറിച്ച് പറയുന്നുണ്ട്. ജാബാലി വൃത്താന്തത്തിലാണ് ഇതുള്ളത്. ജാബാലി ബുദ്ധമത പ്രതിനിധിയാണെന്നാണ് രാമായണ ഗവേഷകനായ ഹ്വീലിന്റെ അഭിപ്രായം. ജാബാലി പരലോക വാദത്തെ നിഷേധിക്കുന്ന നാസ്തികവാദം ഉന്നയിക്കുമ്പോൾ രാമൻ അത് നിഷേധിക്കുന്നു. രാമൻ ഈ സന്ദർഭത്തിൽ ബുദ്ധൻ നാസ്തികനും ചോരനുമാണെന്ന് അധിക്ഷേപിക്കുന്നു. ഈ ഭാഗം പശ്ചിമോത്തരീയ പാഠത്തിൽ ലഭ്യമല്ലെന്ന് കാമിൽ ബുൽക്കെ 'രാമകഥ'യിൽ പറയുന്നു.

ശ്രീ. ദിനേശ ചന്ദ്രസേനന്റെ അനുമാനം, വാൽമീകി ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ദശരഥജാതകത്തിലെ സരള വൃത്താന്തം വികസിപ്പിച്ചുവെന്നാണ്. ബുദ്ധതപസ്യയുടെയും ഭിക്ഷുവൃത്തിയുടേയും രൂപത്തിൽ ആദികവി രാമായണത്തിൽ ഹിന്ദു ഗൃഹസ്ഥജീവിതത്തിന്റെ ആദർശം തന്റെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുകയാണത്രെ ചെയ്തത്. "രാമായണവും ബൗദ്ധകഥയും തമ്മിൽ തുലനപ്പെടുത്തുമ്പോൾ വിശ്വകവിയായ വാൽമീകി ഈ അപരിഷ്കൃതമായ ബൗദ്ധകഥയെ എത്ര സമർഥമായി ഉൽക്കർഷത്തിന്റെ സീമയോളം എത്തിച്ചുവെന്നു സ്പഷ്ടമാകുന്നു" എന്ന് 'ദി ബംഗാളി രാമായണാസ്' എന്ന കൃതിയിൽ (പുറം 7) ദിനേശ് ചന്ദ്രസേനൻ.

ചുരുക്കത്തിൽ, രാമായണവുമായി ബന്ധപ്പെട്ട ഏതൊരു ചർച്ചയിലും ബൗദ്ധരാമകഥകളായ ജാതകകഥകളെ മാറ്റി നിർത്താനാവില്ല. അത്രമേൽ അവ കെട്ടുപിണഞ്ഞു കിടക്കുകയാണ്.

ഇന്ത്യയിൽ പിറവിയെടുത്ത പ്രബല മതങ്ങളിൽ ഒന്നായ ജൈനമതത്തിനും സമ്പന്നമായ രാമകഥാ സാഹിത്യമുണ്ട്. വിമലാസുരി പ്രാകൃത ഭാഷയിൽ രചിച്ച 'പഉമചരിയ'മാണ് ജൈനരാമകഥാസാഹിത്യത്തിൽ ഏറ്റവും പ്രസിദ്ധം. ക്രിസ്തുവർഷം 72ൽ എഴുതപ്പെട്ട കൃതിയാണിത്. 'പത്മചരിതം' എന്ന പേരിൽ രവിഷേണാചാര്യ സംസ്കൃതഭാഷയിലേക്ക് ഈ കൃതി മൊഴിമാറ്റം ചെയ്തിട്ടുണ്ട്. ഇതൊരു പ്രതിപുരാണമാണെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്.23

'പഉമചരിയ'പ്രകാരം യമൻ, ഇന്ദ്രൻ, വരുണൻ തുടങ്ങിയവർ ദേവൻമാരല്ല.

ഇന്ത്യ കഴിഞ്ഞാൽ രാമകഥ ഏറ്റവും പുഷ്ക്കലമായി നിലനിൽക്കുന്നത് ഇന്തോനേഷ്യയിലാണ്. 'ഹിക്കായത്ത് സെരിരാം' എന്ന രാമകഥാകൃതി ഏറെ പ്രസിദ്ധമാണ്. ഈ കൃതിയിൽ അല്ലാഹു, ആദം നബി, മുഹമ്മദ് നബി, അലി തുടങ്ങിയ ഇസ്ലാമിക വിശ്വാസവുമായി ബന്ധപ്പെട്ട പേരുകൾ കഥാപാത്രങ്ങളായി കടന്നുവരുന്നു. ഫിലിപ്പൈൻസിലെ ഗോത്രവർഗങ്ങൾക്കിടയിൽ പ്രചാരണത്തിലുള്ള രാമകഥയിലും ഇത്തരമൊരു സമന്വയം കാണാം.

സാധാരണ രാജാക്കന്മാരാണ്. രാവണനാകട്ടെ ജൈനക്ഷേത്രങ്ങളുടെ ജീർണോദ്ധാരണം നടത്തുകയും മൃഗബലി നടത്തുന്ന യാഗങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന ഒരു ഭീരുവായ ജൈനനാണ്. ലക്ഷ്മണനാണ് രാവണനെ വധിക്കുന്നത്. രാവണവധം എന്ന പാപകർമ്മം ചെയ്തതിനാൽ ഭീകരമായ ഒരു രോഗം ബാധിച്ച് ലക്ഷ്മണൻ മരണപ്പെടുകയും നരകത്തിൽ പോകുകയും ചെയ്യുന്നു. 'പഉമചരിയം' അനുസരിച്ച് രാമന് 8000 റാണിമാരും ലക്ഷ്മണന് 16,000 റാണിമാരുമുണ്ട്. സീതയ്ക്ക് എട്ടു പുത്രന്മാരാണുള്ളത്.

രാമൻ വേട്ടയാടി, രാവണൻ മാംസഭുക്കായിരുന്നു, കുംഭകർണ്ണൻ ആറു മാസം ഉറങ്ങും, രാവണൻ രാക്ഷസനാണ്, സുഗ്രീവൻ കുരങ്ങാണ് തുടങ്ങിയ ലൗകികകഥകൾ അസത്യമാണെന്ന് 'പഉമചരിയ'ത്തിൽ പറയുന്നു. ഇങ്ങനെ വാൽമീകിയിൽ നിന്ന് ഭിന്നമായ പാഠമാണ് വിമലാസുരി അവതരിപ്പിക്കുന്നത്. രാമകഥാ സംബന്ധിയായ ഒട്ടേറെ കൃതികൾ ജൈനസാഹിത്യ സമ്പത്തിൽ ഉണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലവ ഇവയാണ്: ശീലാചാര്യന്റെ 'രാമലഖണചരിയം,' ഭദ്രേശ്വരന്റെ കഹാവലയിലെ രാമായണം, ഭുവനതുംഗസൂരിയുടെ സിയാചരിയവും രാമലഖണചരിയവും. ഇവയെല്ലാം രചിക്കപ്പെട്ടത് പ്രാകൃത ഭാഷയിലാണ്. സംസ്കൃത ഭാഷയിൽ രചിക്കപ്പെട്ടവയിൽ മുഖ്യമാണ് രവിഷേണന്റെ പദ്മചരിതം, ഹേമചന്ദ്രന്റെ ജൈനരാമായണം, സീതാരാവണകഥാനകം, ജിദാസന്റെ രാമദേവപുരാണം, പത്മദേവവിജയ ഗണിയുടെ രാമചരിതം, സോമസേനന്റെ രാമചരിതം, സോമപ്രഭാചാര്യന്റെയും മേഘവിജയ ഗണിവരന്റേയും ലഘു ത്രിഷഷ്ടി ശലാകാപുരുഷചരിത്രങ്ങൾ, ഗുണഭദ്രന്റെ ഉത്തരപുരാണം, ഹരിഷേണന്റെ രാമായണ കഥാനകം എന്നിവ.

എടുത്തുപറയേണ്ട സവിശേഷത, പ്രാചീന രാമകഥാസാഹിത്യം എന്നത് സംസ്കൃതസാഹിത്യത്തിന്റെ മാത്രം ഭാഗമല്ല എന്നുള്ളതാണ്. രാമകഥാസാഹിത്യത്തിലെ ഏറ്റവും പ്രസിദ്ധമായ വാൽമീകിയുടെ രാമായണം സംസ്കൃതത്തിലാണെങ്കിൽ ബൗദ്ധജാതകങ്ങൾ പാലി ഭാഷയിലും ജൈനമതസ്ഥരുടെ 'പഉമചരിയം' പ്രാകൃതത്തിലുമാണ്. ഈ മൂന്ന് കൃതികളും പങ്കുവെക്കുന്നത് രാമകഥയാണെങ്കിലും അടിസ്ഥാനപരമായ ചില പാഠാന്തരങ്ങൾ ഇവകൾക്കിടയിലുണ്ട്. ഉദാഹരണമായി വാൽമീകിയുടെ രാമൻ അയോധ്യയിലെ രാജാവാണെങ്കിൽ ബുദ്ധിസ്റ്റ് പാഠമനുസരിച്ച് വാരാണസിയിലെ രാജാവാണ്. അയോദ്ധ്യ ഒരു ബുദ്ധകേന്ദ്രം കൂടിയായിരുന്നു എന്ന കാര്യം വിസ്മരിക്കരുത്. ബൗദ്ധകഥയനുസരിച്ച് രാമനും ലക്ഷ്മണനും സീതയും ദശരഥന്റെ ഒരേ ഭാര്യയിലുള്ള മക്കളാണ്. (ഈയൊരു പാഠം ഒട്ടേറെ ആശയ ചർച്ചകൾക്കും സംഘർഷങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്). വാൽമീകി രാമായണം ഈ പാഠത്തെ നിരാകരിക്കുന്നു. ഇത്തരത്തിലുള്ള നിരവധി പാഠാന്തരങ്ങൾ പ്രബല രാമായണങ്ങൾക്കിടയിലുണ്ട്.

രാമായണം ഭിന്നമതസ്ഥരെ സ്വാധീനിച്ചതുപോലെ ഭിന്ന രാജ്യക്കാരെയും സ്വാധീനിച്ചിട്ടുണ്ട്. എല്ലാ ഏഷ്യൻ രാജ്യങ്ങളിലും രാമായണ സാഹിത്യമുണ്ട്. ഇന്തോനേഷ്യ, മലേഷ്യ, ചൈന, വിയറ്റ്നാം, ജപ്പാൻ, ബർമ്മ, തായ്ലാന്റ്, നേപ്പാൾ, ശ്രീലങ്ക, കംബോഡിയ, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളിലെ രാമായണഗ്രന്ഥങ്ങൾ എടുത്തുപറയേണ്ടവയാണ്. ഇവയിൽ ചിലതിൽ ഹൈന്ദവ സ്വാധീനവും മറ്റു ചിലതിൽ ബൗദ്ധസ്വാധീനവുമാണുള്ളത്.

ഇന്ത്യ കഴിഞ്ഞാൽ രാമകഥ ഏറ്റവും പുഷ്ക്കലമായി നിലനിൽക്കുന്നത് ഇന്തോനേഷ്യയിലാണ്. 'ഹിക്കായത്ത് സെരിരാം' എന്ന രാമകഥാകൃതി ഏറെ പ്രസിദ്ധമാണ്. ഈ കൃതിയിൽ അല്ലാഹു, ആദം നബി, മുഹമ്മദ് നബി, അലി തുടങ്ങിയ ഇസ്ലാമിക വിശ്വാസവുമായി ബന്ധപ്പെട്ട പേരുകൾ കഥാപാത്രങ്ങളായി കടന്നുവരുന്നു. ഫിലിപ്പൈൻസിലെ ഗോത്രവർഗങ്ങൾക്കിടയിൽ പ്രചാരണത്തിലുള്ള രാമകഥയിലും ഇത്തരമൊരു സമന്വയം കാണാം. 'മഹാരാധ്യാലവണ' എന്ന ഫിലിപ്പൈൻസ് കൃതി പ്രസിദ്ധമാണ്. മഹാരാധ്യലാവണ എന്നാണ് ഈ ഗ്രന്ഥത്തിൽ രാവണന്റെ പേര്. അഗാമാനിയോഗ് എന്ന രാജവംശത്തിൽ പെട്ട ഒരു സുൽത്താന്റെ പുത്രന്മാരാണ് രാമനും (റാഡിയാമൻഗാന്തിരി) ലക്ഷ്മണനും (റാഡിയാമൻഗാവർണ). പുലുനബാണ്ഡിയാ സുൽത്താന്റെ മകളാണ് സീത. സീതയുടെ ഈ കൃതിയിലെ പേര് ടുവാൻ പോട്രി മലാനോ ടിഹൈയ എന്നാണ്. പുലുബന്ത്യാർ വംശത്തിലെ സുൽത്താന്റെ മകനാണ് ലാവണൻ (രാവണൻ). ലാവണന് ഈ കഥയിൽ പത്തു തലകളില്ല; എട്ടു തലകളാണ്. ലാവണന്റെ ദുഃസ്വഭാവങ്ങൾ കാരണം സുൽത്താൻ മകനെ പുലു നഗത്തിലെ ഒരു ദ്വീപിലേക്ക് നാടുകടത്തി. ദ്വീപിലെത്തിയിട്ടും ലാവണൻ അക്രമങ്ങൾ തുടർന്നു. അവിടെയുള്ള വൃക്ഷങ്ങൾക്ക് തീവെച്ചപ്പോൾ ഒരു പച്ചമരം പൊട്ടിക്കരഞ്ഞുകൊണ്ട് 'ലാവണൻ ഈ ലോകം കീഴടക്കുകയാണെന്ന് വിളിച്ചുപറഞ്ഞു. ഈ വിവരം ദിയാബറിൽ (ജിബ്രീൽ എന്ന മാലാഖ) ദൈവത്തെ അറിയിച്ചു. പുലുബന്ത്യാർ മാസിരിലെ മൂർച്ചയേറിയ വാളുകൊണ്ടല്ലാതെ രാവണനിഗ്രഹം അസാധ്യമാണെന്ന് ദൈവം ജിബ്രീലിനോട് പറയുന്നതായി ഈ കൃതിയിലുണ്ട്. ഇന്ത്യൻ സംസ്കാരവും അറബിസംസ്കാരവും സ്വാധീനിച്ച ഒരു സമൂഹത്തിന്റെ സംഭാവനയാണ് ഫിലിപ്പൈൻസിലെ രാമകഥ.

സമ്പന്നമായ വാമൊഴി, വരമൊഴി രാമകഥാസാഹിത്യത്തിനുടമകളാണ് മലേഷ്യക്കാർ. നിഴൽപ്പാവനാടങ്ങളിലൂടെ അവർ അതിനെ സജീവമായി നിലനിർത്തുന്നു. ഇത്തരം നിഴൽ പാവനാടകങ്ങൾ സമാഹരിച്ച സെരീട്ര മഹാരാജവാന എന്ന കൃതി മലേഷ്യയിൽ ഏറെ പ്രചാരമുള്ളതാണ്. 'പെൻഗ്ലീപർ ലാറ' എന്ന രാമായണകഥകളുടെ സമാഹാരവും പ്രസിദ്ധമാണ്. ഈ കൃതി പ്രകാരം രാവണന് 12 തലകളാണുള്ളത്. 'സെരിട്ര മഹാരാജവാന'യിൽ സീതയുടെ പേര് 'സിതി' എന്നാണ്. അയോധ്യയുടെ പേര് സെർത്താപൂരമെന്നാണ്.

മലേഷ്യയിൽ രാമകഥാസാഹിത്യം ഇപ്പോൾ സജീവതയോടെ നിലനിൽക്കുന്നത് രംഗാവിഷ്കാരങ്ങളിലൂ

ടെയാണ്. ദുർദാവാൻ ഐസിങ്കാ, ഡബ്ല്യൂ.ജി. ഷെല്ലാബിയർ എന്നിവർ എഡിറ്റു ചെയ്ത നിഴൽനാടക സമാഹാരങ്ങൾ ശ്രദ്ധേയമാണ്.

മലേഷ്യൻ രാമകഥകളിൽ ഉപേക്ഷിക്കപ്പെട്ട സീത വാൽമീകി ആശ്രമത്തിൽ എത്തിച്ചേരുന്നില്ല. പകരം ജനക മഹാരാജാവ് തന്നെയാണ് സ്വീകരിക്കുന്നത്. മലേഷ്യയിലെ ഒട്ടേറെ രാമകഥാ പതിപ്പുകളിൽ ലവൻ വിവാഹം ചെയ്യുന്നത് ഇന്ദ്രജിത്തിന്റെ മകളെയാണ്. കുശൻ മറ്റൊരു രാക്ഷസന്റെ പുത്രിയേയും. ചില കഥകളിൽ കുശൻ ലങ്കാധിപനായി മാറുന്നുണ്ട്. ശിവഭക്തനായ രാവണനെ അവതരിപ്പിക്കുന്ന ചില രാമായണ പാഠങ്ങൾ അവിടെയുണ്ട്. ശിവഭക്തിയാൽ അനുഗ്രഹീതനായ രാവണന് സർവൈശ്വര്യ സമ്പന്നമായ ലങ്ക കെട്ടിപ്പടുക്കുവാൻ കഴിഞ്ഞു എന്ന് അവയിൽ കാണാം.

ചൈനയിലെ 'ഹിഷിയുച്ചി' രചിച്ചത് വ്യൂചെങ്-എൻ. (The Monkey എന്നാണ് ഇംഗ്ലീഷ് പരിഭാഷയുടെ പേര്). Ramayana in China (ഡോ. രഘുവീര, ഷിക്കിയോ യമാമോട്ടോ എന്നിവർ ചേർന്ന് രചിച്ചത്), ജാതക ഓഫ് ദി അൺ നെയിംഡ് കിംഗ് (വിവർത്തനം ചെയ്തത് സോഡ്ജിയൻ മോങ്ക് കാൾസെങ്ഹുയി) എന്നീ കൃതികൾ ചൈനയിലെ രാമകഥാസാഹിത്യം എന്തെന്ന് നമുക്ക് പരിചയപ്പെടുത്തിത്തരുന്നു. ബൗദ്ധരാമകഥാ പാരമ്പര്യത്തിനാണ് അവിടെ പ്രചാരം.

ജപ്പാനിലെ രാമായണകഥകൾക്ക് ബന്ധം ചൈനയിലെ ത്രിപീടികയുടെ ടായ്ഷോ പതിപ്പിനോടും തായ്‌ലാന്റിലെ രാമായണ സംഗീത-നൃത്തരൂപങ്ങളോടുമാണ്. 'ദോരാഗാകു' എന്നാണ് ജപ്പാനിൽ ഏറെ പ്രചാരമുള്ള രാമായണത്തെ അഭിസ്ഥാനമാക്കിയുള്ള നൃത്തരൂപത്തിന്റെ പേര്. ചിത്രകലയിലും രാമായണ ഇതിവൃത്തം അവിടെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

പൊതുവെ വിദേശ രാമായണ കഥകൾ വാൽമീകി രാമായണത്തോടും ബൗദ്ധരാമകഥാ പാരമ്പര്യങ്ങളോടും ബന്ധം പുലർത്തുന്നവയാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും സൂക്ഷ്മാർത്ഥത്തിൽ, അതത് രാജ്യങ്ങളുടെ നിറവും ഗന്ധവും ഉള്ളവയാണെന്ന് പെട്ടെന്ന് തിരിച്ചറിയുവാനാകും. അതാത് രാജ്യങ്ങളിലെ ജനജീവിതവും വിശ്വാസാചാരങ്ങളും അവയിൽ നിഴലിക്കുന്നതായി കാണാം. ഉദാഹരണമായി, ബഹുഭർതൃത്വം നിലനിന്നിരുന്ന പ്രദേശമായ പഴയ ടർക്കിസ്ഥാന്റെ കിഴക്കൻ പ്രദേശങ്ങൾ ചേർന്ന ഖോത്താനിൽ പ്രചരിച്ച രാമകഥയിൽ സീതയെ വിവാഹം ചെയ്യു



ന്നത് രാമനും ലക്ഷ്മണനുമാണ്.

ഒരിന്ത്യൻ കഥയുടെ തനി വിവർത്തനമായി മറ്റൊരു രാജ്യത്തും രാമകഥ നിലനിൽക്കുന്നില്ല. രാമകഥയെ ഭക്തിയുടെ പരകോടികളിൽ പ്രതിഷ്ഠിക്കുന്ന രീതിയും വിദേശങ്ങളിൽ പൊതുവെ നിലനിൽക്കുന്നില്ല. രാമകഥാസാഹിത്യം പുഷ്കലമായി നിലനിൽക്കുന്ന മലേഷ്യയിലെ രാമകഥാസാഹിത്യപാരമ്പര്യത്തെക്കുറിച്ച് ഒരഭിമുഖത്തിൽ മലേഷ്യൻ ഉപമുഖ്യമന്ത്രിയായിരുന്ന അൻവർ ഇബ്രാഹിം പറയുന്നത് ഇങ്ങനെയാണ്: "ഞാൻ അഞ്ചുനേരവും നമസ്കരിക്കുന്ന ഒരു മുസ്‌ലിമാണ്. ഞങ്ങളുടെ സാംസ്കാരികാഘോഷങ്ങളിൽ രാമായണത്തിനും മഹാഭാരതത്തിനും നിർണായകമായ സ്വാധീനമുണ്ട്. മലേഷ്യയുടെ മിക്ക ഭാഗങ്ങളിലും അവ പാരായണം ചെയ്യുന്ന മുസ്‌ലിംകളുണ്ട്. പഞ്ചതന്ത്രവും ഈസോപ്പുകഥകളും പോലെ ഞങ്ങൾ അവ ഇഷ്ടപ്പെടുന്നു. ഞങ്ങളുടെ മഹാഭാരതവും രാമായണവും ഒരു പക്ഷേ ഇന്ത്യയിൽ നിങ്ങൾ കാണുന്ന അതേ പ്രകാരത്തിൽ ആയിക്കൊള്ളണമെന്നില്ല. എനിക്ക് തോന്നുന്നത് അവ മലേഷ്യയിൽ ഇസ്‌ലാമികമായി മാറ്റി എഴുതപ്പെട്ടിട്ടുണ്ട് എന്നാണ്. ഞങ്ങളുടെ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് സംസ്കാരത്തിന്റെ ഭാഗമായി ഈ ഇതിഹാസങ്ങളെ ഉൾക്കൊണ്ടു എന്നാണ്."25 അൻവർ ഇബ്രാഹിമിന്റെ വാക്കുകൾ മലേഷ്യയിൽ രാമായണപാരമ്പര്യത്തിനു മാത്രമല്ല, രാമായണം പ്രചരിച്ച മറ്റു രാജ്യങ്ങൾക്കും ബാധകമാണ്.

രാമകഥയ്ക്ക് മുകളിൽ പറഞ്ഞ രീതിയിൽ അസംഖ്യം വരമൊഴിപാഠങ്ങൾ നിലനിൽക്കവെതന്നെ, എണ്ണി തിട്ടപ്പെടുത്താനാകാത്ത വിധം വാമൊഴിപാഠങ്ങൾ ഉണ്ടാവുകയും ഉണ്ടായി കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. വരമൊഴിപാഠങ്ങൾ ഖരരൂപത്തിലുള്ളതാണെങ്കിൽ വാമൊഴിപാഠങ്ങൾ ദ്രവരൂപമാർന്നതാണ്. ഒഴുകിക്കൊണ്ടിരിക്കുന്നതും നവീകരിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഒരേ പഠനത്തിന് തന്നെ അസംഖ്യം പാഠാന്തരങ്ങൾ കാണാം. ഒരു വാമൊഴി കഥ അതേ രൂപത്തിൽ എത്ര കാലം നിലനിൽക്കും എന്നു പോലും പറയുവാനാകില്ല. ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ തന്നെ അതിൽ മാറ്റങ്ങൾ സംഭവിക്കാം. പറയുന്ന ആളിന്റെ അറിവ്, ജീവിത പശ്ചാത്തലം, ലിംഗം, ജാതി തുടങ്ങിയവയെല്ലാം കഥ പറച്ചിലിലും സ്വാധീനം ചെലുത്തിയേക്കാം. അതിനാൽ വാമൊഴി പാരമ്പര്യത്തിൽ, രാമായണത്തിന് ലിംഗപാഠം (സ്ത്രീപക്ഷം, പുരുഷപക്ഷം), ജാതിപാഠം (ദലിത്പക്ഷം, സവർണപക്ഷം, ആദിവാസിപക്ഷം), പ്രാദേശികപാഠം (ഉദാഹരണം: വയനാടൻ രാമായണം, തായ്‌ലാന്റിലെ 'അയൂധ്യ'യിൽ നിലനിൽക്കുന്ന പ്രാദേശിക പാഠം) എന്നിവയൊക്കെ സാധ്യ

കേരളത്തിലെ ഇരുളർ, അടിയർ, കുറിച്യർ, മുള്ളകുറുമാർ, പണിയർ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾക്കിടയിൽ രാമായണകഥകൾ പ്രചാരത്തിലുണ്ട്. രാമായണത്തെ തങ്ങളുടെ ജീവിതചുറ്റുപാടുകളിലേക്കും വിശ്വാസാചാരങ്ങളിലേക്കും സന്നിവേശിപ്പിക്കുകയാണ് അവർ ചെയ്തത്.28
വാൽമീകി രാമായണത്തിൽ നിന്ന് ഏറെ വ്യത്യസ്തമായ പാഠമാണ് വയനാട്ടിലെ വാമൊഴി രാമായണങ്ങൾ മുന്നോട്ടുവെക്കുന്നത്. അവ എ.കെ. രാമാനുജൻ മുതൽ ഡോ. കെ.എൻ. പണിക്കർ വരെയുള്ളവർ നിരീക്ഷിച്ചതുപോലെ സ്വതന്ത്രമായ 'പറയലു'കളാണ്.

മാണ്. തങ്ങൾ വർത്തമാനകാലത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ നിഴലാട്ടം പോലും വാമൊഴി കഥാപാരമ്പര്യത്തിലുള്ള രാമകഥകളിൽ കാണാം. (വയനാട്ടിലെ 'അടിയ രാമായണ'കഥ അവതരിപ്പിക്കുന്ന മാതൈ, അടിയാൻമാരുടെ ഭൂരഹിതാവസ്ഥലങ്കാദഹനഘട്ടത്തിൽ സൂചിപ്പിക്കുന്നത് ഉദാഹരണം).25

വാമൊഴി പാരമ്പര്യത്തിൽ, ആദിവാസികൾക്കിടയിൽ നിലനിൽക്കുന്ന രാമകഥാപാരമ്പര്യം സവിശേഷപഠനം അർഹിക്കുന്ന മേഖലയാണ്. കേരളത്തിനു പുറത്ത് ഇത്തരത്തിലുള്ള നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. പ്രത്യേകിച്ച്, സന്താലി, കോല, ഉറാംവ്, ഗോണ്ട്, ബിർഹോർ, പർധാൻ, ബൈഗാ-ഭൂമിയാ, ആഗാരിയ, മുണ്ഡ തുടങ്ങിയ വിഭാഗങ്ങൾക്കിടയിൽ നടന്ന ഗവേഷണങ്ങൾ എടുത്തുപറയേണ്ടതാണ്. ഇവയിൽ പല വിഭാഗങ്ങളും രാമായണ പാരമ്പര്യം അവകാശപ്പെടുന്നവരാണ്. ഗോണ്ട്, ഉറാംവ് ജാതികൾ, തങ്ങൾ രാവണന്റെ വംശജരാണെന്ന് അവകാശപ്പെടുന്നു.26

മധ്യഭാരതത്തിലെ കോലൻമാർ തങ്ങൾ രാമായണ കഥാപാത്രമായ ശബരിയുടെ വംശത്തിൽ പെട്ടവരാണെന്ന് വാദിക്കുന്നു.27

ഹനുമാന്റെ വംശത്തിൽ പെട്ടവർ എന്നവകാശപ്പെടുന്ന, വാനരൻ എന്നർത്ഥമുള്ള ഒട്ടേറെ ജാതികൾ ഇന്ത്യയിലുണ്ട് (ബജ്റംഗ്, ഹൽമാൻ, ഗഢി, തിഗ്ഗ).

'വാൽമീകി' എന്നതും ഉത്തരേന്ത്യയിലെ ഒരു ജാതിപ്പേരാണ്. വാൽമീകി മഹർഷി തങ്ങളുടെ സമുദായത്തിൽപെട്ട ആളായിരുന്നു എന്ന് ഈ പിന്നാക്ക ജാതിക്കാർ അഭിമാനിക്കുന്നു.

കേരളത്തിലെ ഇരുളർ, അടിയർ, കുറിച്യർ, മുള്ള്കുറുമാർ, പണിയർ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾക്കിടയിൽ രാമായണകഥകൾ പ്രചാരത്തിലുണ്ട്. രാമായണത്തെ തങ്ങളുടെ ജീവിതചുറ്റുപാടുകളിലേക്കും വിശ്വാസാചാരങ്ങളിലേക്കും സന്നിവേശിപ്പിക്കുകയാണ് അവർ ചെയ്തത്.28

വാൽമീകി രാമായണത്തിൽ നിന്ന് ഏറെ വ്യത്യസ്തമായ പാഠമാണ് വയനാട്ടിലെ വാമൊഴി രാമായണങ്ങൾ മുന്നോട്ടുവെക്കുന്നത്. അവ എ.കെ. രാമാനുജൻ മുതൽ ഡോ. കെ.എൻ. പണിക്കർ വരെയുള്ളവർ നിരീക്ഷിച്ചതുപോലെ സ്വതന്ത്രമായ 'പറയലു'കളാണ്.

വയനാടിന്റെ സംസ്ക്കാരികവും സാമൂഹികവും പ്രാദേശികവും പ്രകൃതിസംബന്ധിയുമായ പ്രത്യേകതകളുമായി ഇഴുകിച്ചേർന്നിട്ടുള്ളവയാണ് വയനാടൻ രാമകഥകൾ. തീർച്ചയായും രാമായണസാഹിത്യമെന്ന മഹാസമുദ്രത്തിലേക്കുള്ള അരുവികളാണിവ. ഇന്ത്യൻ ഇതിഹാസത്തിന്റെ ബഹുസ്വരമായ വ്യാഖ്യാനങ്ങളിലും പാഠവൈപുല്യത്തിലും ഇവയുടെ ശബ്ദമുണ്ട്. നിശ്ചയമായും ഈ പാഠവൈപുല്യം/ബഹുസ്വരത രാമായണത്തിന്റെ അനന്തമായ സാധ്യതയാണ് പ്രഘോഷിക്കുന്നത്; പരിമിതിയല്ല.

## അടിക്കുറിപ്പ്


*1. 'രാമകഥ ഉദ്ഭവവും വളർച്ചയും', ഫാദർ കാമിൽ ബുൽക്കെ, പുറം 47, കേരള സാഹിത്യ അക്കാദമി, 1999.*

*2. 'രാമായണ പഠനങ്ങൾ', സങ്കാലിയ, ഫോക്കസ് ബുക്സ്*

*3. കൃത്സ്നം രാമായണം കാവ്യം ഗായതാം പരയാമുദാ–*
*ഋഷി വാടേഷു പുണ്യേഷു*
*ബ്രാഹ്മണാ വസഥേഷ്ടച*
*രഥ്യാസു രാജ മാർഗേഷു*
*പാർഥിവാനാം ഗൃഹേഷുച*
*(വാല്മീകി രാമായണം, ബാലകാണ്ഡം, സർഗം 4).*

*4. ലഘു പുരാണനിഘണ്ടു, വെട്ടം മാണി, പുറം 520, നാഷനൽ ബുക്സ്റ്റാൾ, 1999.*

*5. അതേ കൃതി, പുറം 14*

*6. അതേ കൃതി, പുറം 33*

*7. മാതൃഭൂമി ആഴ്ചപ്പതിപ്പ് 2006 ജനുവരി 1-7, 'പുരാണകഥകളുടെ നിറവിൽ ഹനുമാൻ ചരട്ടി', എം.പി. വീരേന്ദ്രകുമാർ*

*8. പുരാണിക് എൻസൈക്ലോപീഡിയ, വെട്ടം മാണി, പുറം 1037, കറന്റ് ബുക്സ്, 1993*

*9. ഗോത്രസ്മൃതി സ്മരണിക, പുറം 237-238. ശ്രീരാമ കുശലവനാടകം, രാജൻ സി.പി. (അട്ടപ്പാടി) തയ്യാറാക്കിയത്. (കേരള സാക്ഷരതാ സമിതി പ്രസിദ്ധീകരിച്ചത്).*

*വയനാടൻ രാമായണം, പുറം 170*

*10. ഡസ് രാമായണ, എച്ച്. യാക്കോബി, പുറം 3. ഉദ്ധരണി: രാമകഥ ഉദ്ഭവവും വളർച്ചയും, പുറം 47*

*11. രാമകഥ ഉദ്ഭവവും വളർച്ചയും, കാമിൽ ബുൽക്കെ, പുറം 47, കേരള സാഹിത്യ അക്കാദമി, 1999*

*12. വേദഹൃദയത്തിലൂടെ, ഡോ. കെ.ആർ. രാമൻ നമ്പൂതിരി, പുറം 101, പൂർണ പബ്ലിക്കേഷൻസ്, 2006. യുഗകണക്കുകൾ ഈ ലേഖനത്തിൽ രാമൻ നമ്പൂതിരി നൽകിയിട്ടുണ്ട്.*

*13. ഡസ് രാമായണ, പുറം 101*

*14. ജർമൻ ഓറിയന്റൽ ജേർണൽ, ഭാഗം 3, പുറം 397*

15. The Kashmiri Ramayanas, Bibl.Ind calcutta. 1930

*16. ദി റിഡിൽ ഓഫ് രാമായണ, ഏഷ്യാറ്റിക് സൊസൈറ്റി 1955*

*18. രാമകഥ ഉദ്ഭവവും വളർച്ചയും, കാമിൽ ബുൽക്കെ, പുറം 53*

*19. വേദഹൃദയത്തിലൂടെ, ഡോ. കെ.ആർ. രാമൻ നമ്പൂതിരി, പുറം 100. പൂർണ പബ്ലിക്കേഷൻസ്, 2006*

*20. ദാക്ഷിണാത്യപാഠത്തിൽ, ജാബാലിയുടെ വൃത്താന്തത്തിൽ രാമൻ ബുദ്ധനെ നാസ്തികനെന്നും ചോരനെന്നും വിളിക്കുന്നുണ്ട്: "യഥാഹി ചോരഃ സതഥാ ഹി ബുദ്ധ സ്തഥാഗതം*
*നാസ്തിക മത്ര വിദ്ധി" (രാമായണം 2: 109-30-39).*

*21. ദി ബംഗാളി രാമായണാസ്, ദിനേശ ചന്ദ്രസേനൻ, പുറം 7*

*22. ഇന്ത്യൻ വിസ്ഡം, എം. മോണിയർ വില്യംസ്, പുറം 316*

*23. ഭാഷാപോഷിണി, പ്രൊഫ. ബി. സുരേന്ദ്രറാവു, 2003 ഒക്ടോബർ*

*24. അഭിമുഖം: അൻവർ ഇബ്രാഹീം/എ. റഷീദുദ്ദീൻ, മാധ്യമം ദിനപത്രം, 2005 ഏപ്രിൽ 11*

*25. ഡോ. അസീസ് തരുവണ, വയനാടൻ രാമായണം, പുറം 26*
*കറന്റ് ബുക്സ് തൃശൂർ, 2009*

*26. ദി ഉറാവോംസ്, ശരശ്ചന്ദ്ര റായ്, പുറം 14*

*27. ദി കോല ട്രൈബ് ഓഫ് സെൻട്രൽ ഇന്ത്യ, പുറം 207, ഡബ്ല്യൂ. ജി. ഗ്രിഫിത്സ്*

*28. വിശദവിവരങ്ങൾക്ക് 'വയനാടൻ രാമായണം' കാണുക.*


■

# രാമായണത്തിന്റെ ബഹുരൂപങ്ങൾ

**ഡോ. അസീസ് തരുവണ**

(Assistant Director,Institute of Tribal Studies and Research,University of Calicut)

Rama is born in countless ways,
and there are tens of millions of Ramayanas…
*(Tulsidas, Ramacharithamanas 1:33:6).*

നിരന്തരം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന വടവൃക്ഷമാണ് രാമായണസാഹിത്യം. അതിന് ആഴമാർന്ന് വേരുകളും ശാഖോപശാഖകളുമുണ്ട്. വേരുകൾ ഭാരതീയമാണെങ്കിലും ശാഖകൾ ഏഷ്യൻ രാജ്യങ്ങളിലേക്കാകെ വളർന്നുപന്തലിക്കുകയും അവിടങ്ങളിലെ സംസ്കൃതികളെ കരുപ്പിടിപ്പിക്കുന്നതിൽ നിർണായക സ്ഥാനം ആർജിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിലെയും സമീപസ്ഥമായ പ്രദേശങ്ങളിലെയും വാമൊഴി, വരമൊഴി സാഹിത്യരൂപങ്ങളെ ഇത്രമേൽ സ്വാധീനിച്ച മറ്റൊരു ഇതിവൃത്തമില്ലെന്ന് നിസ്സംശയം പറയാം.

ജീവിതത്തിന്റെ ഓരോ ഘട്ടത്തിൽ വായിക്കുമ്പോഴും പുത്തൻ അർഥങ്ങളും ആസ്വാദ്യതയും അനുഭവവേദ്യമാകുന്ന അനശ്വര കൃതികളാണ് ഇതിഹാസങ്ങൾ. അവ ആസ്വാദകന്റെ മനസ്സിൽ നിന്ന് മായാതെ, സവിശേഷമായ സ്വാധീനം ചെലുത്തി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. അവ വ്യക്തിയുടെയും സമൂഹത്തിന്റെയും അബോധമനസ്സിൽ ആഴത്തിൽ സ്വാധീനം ചെലുത്തി മൂർത്തരൂപത്തിൽ നിലനിൽക്കും. രാമായണവും മഹാഭാരതവും ഇതിന് ദൃഷ്ടാന്തമാണ്.

രാമായണകഥയുടെ ഇതിവൃത്തം എന്നു രൂപപ്പെട്ടുവെന്ന് ഖണ്ഡിതമായി പറയുക സാധ്യമല്ല. എന്നാൽ, വാല്മീകി മഹർഷിക്കു മുമ്പുതന്നെ വാമൊഴിയായി രാമായണകഥകൾ പ്രചരിച്ചിരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.''വാല്മീകി രാമായണത്തിനു മുമ്പുതന്നെ രാമകഥയെ അടിസ്ഥാനമാക്കിയുള്ള ആഖ്യാനങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. മഹാഭാരതത്തിന്റെ ദ്രോണപർവത്തിലെയും ശാന്തിപർവത്തിലെയും സംക്ഷിപ്ത രാമകഥയിൽ നിന്നും മറ്റും ഇതിനുള്ള തെളിവ് ലഭിക്കുന്നുണ്ട്. ഈ ആഖ്യാനങ്ങൾ ഇപ്പോൾ ലഭ്യമല്ല. അതുകൊണ്ടാണ് വാല്മീകി രാമായണം രാമകഥയുടെ പ്രാചീനതമമായ വിസ്തൃതകൃതിയായിത്തീർന്നത്''എന്ന് ഫാദർ കാമിൽ ബുൽക്കെ.[1]

മധ്യപ്രദേശിലെ രണ്ട് ഗോത്രങ്ങൾക്കിടയിൽ നടന്ന സംഭവമായിരിക്കാം രാമായണത്തിന് അടിസ്ഥാനമായ കഥാബീജം എന്ന് വാല്മീകി രാമായണത്തിലെ സ്ഥലികളെക്കുറിച്ച് ആഴമാർന്ന പഠനം നടത്തിയ പുരാവസ്തു ഗവേഷകനായ എച്ച്.ഡി. സങ്കാലിയ അഭിപ്രായപ്പെടുന്നു.[2]

ആദിയിൽ ഒരു ചെറുകഥാരൂപമായിരുന്ന കഥയെ വാമൊഴി, നാടോടി ഗായകരും മറ്റും പറഞ്ഞും പാടിയും വികസിപ്പിച്ചതായിരിക്കണം ഇന്നത്തെ വിസ്തൃതമായ രാമകഥാസാഹിത്യം. നാടോടി ഗായകർ അവർക്കിഷ്ടമുള്ള ഭാഗങ്ങൾ പൊലിപ്പിച്ചു പറയുക സാധാരണമാണ്. വാമൊഴി ഗായകസംഘങ്ങൾ ഈ കഥകൾ പാടിനടന്നിരുന്നു എന്ന സൂചന വാല്മീകി രാമായണത്തിൽ നിന്നു വായിച്ചെടുക്കാവുന്നതാണ്.[3] കാവ്യോപജീവികളായ പാട്ടുസംഘജാതികൾ ഇന്ത്യയിൽ എക്കാലത്തുമുണ്ടായിരുന്നുവല്ലോ.

രാമായണം വാല്മീകി ശിഷ്യൻമാർക്ക് മനഃപാഠമായിരുന്നുവത്രേ. കുശീലവന്മാർ രാമായണം പാടിപ്പാടി തങ്ങളുടെ ശ്രോതാക്കളുടെ താൽപര്യം വർധിപ്പിച്ചിരിക്കാം. കാവ്യകുശലന്മാരായിരുന്ന ഗായകൻമാർ ജനങ്ങൾക്കു താൽപര്യമുള്ള ഭാഗങ്ങൾ ആവർത്തിച്ചും അതിശയോക്തിപരമായും പാടിയിരിക്കണം. ഏതെങ്കിലും ഒരു ഭാഗത്തിന് കൂടുതൽ പ്രാധാന്യം നൽകുമ്പോൾ ഗായകർ അവരുടേതായ സംഭാവനകൾ, കൂട്ടിച്ചേർക്കലുകൾ നടത്തുന്നു; കൂടുതൽ

ഉദ്വേഗജനകമാക്കാൻ ശ്രമിക്കുന്നു. സ്തോഭജനകമായ ഭാഗങ്ങൾ കേൾവിക്കാരെയും കാഴ്ചക്കാരെയും ഹഠാദാകർഷിക്കും. ഇത്തരം ഭാഗങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കും.

വാമൊഴിയായി പ്രചരിച്ച കഥകളിൽ തങ്ങളുടെ ഭാവന കലർത്തി എഴുതിയവയാണ് ആദ്യ കാല ലിഖിത രാമായണങ്ങൾ. വാല്മീകിയുടേതെന്നപോലെ ഒട്ടേറെ മഹർഷിമാരുടെ പേരിൽ രാമായണങ്ങൾ ലഭ്യമാണ്. ശ്രീരാമദാസഗൗഡൻ തന്റെ 'ഹിന്ദുത്വം' എന്ന ഗ്രന്ഥത്തിൽ 19 രാമായണങ്ങളിലെ കഥാവസ്തുവിന്റെ സംക്ഷേപം കൊടുത്തിട്ടുണ്ട്. അവയിൽ പലതും ബൃഹദ്കാവ്യങ്ങളാണ്:

1. മഹാരാമായണം (24,000 ശ്ലോകങ്ങൾ)
2. സംവൃതരാമായണം (32,000)
3. ലോമശരാമായണം (32,000 ശ്ലോകങ്ങൾ)
4. അഗസ്ത്യരാമായണം (16,000)
5. മഞ്ജുള രാമായണം (1,20,000)
6. സൗപത്മരാമായണം (40,000)
7. രാമായണമഹാമാല (56,000)
8. സൗഹാർദ രാമായണം (40,000)
9. രാമായണ മണിരത്നം (36,000)
10. സൗര്യരാമായണം (62,000)
11. ചാന്ദ്രരാമായണം (75,000)
12. മൈന്ദരാമായണം (52,000)
13. സ്വയംഭൂവരാമായണം (18,000)
14. സുബ്രഹ്മരാമായണം (32,000)
15. സുവർച്ചസരാമായണം (15,000)
16. ദേവരാമായണം (10,000)
17. ശ്രവണരാമായണം (12,500)
18. ദുരന്തരാമായണം (61,000)
19. രാമായണ ചമ്പു. (50,000)

മേൽപറഞ്ഞ രാമായണങ്ങളിൽ പലതും മഹർഷിമാരാൽ വിരചിതമാണെന്ന് പറയപ്പെടുന്നു. ഇതിൽ സംവൃതരാമായണം നാരദ മഹർഷി രചിച്ചതാണ്. (നാരദ മഹർഷി ഗായകനായിരുന്നു. പുരാണങ്ങളിൽ സാർവത്രികമായി കാണപ്പെടുന്ന ഒരു കഥാപാത്രം കൂടിയാണ് നാരദൻ). ലോമശരാമായണം പേരു സൂചിപ്പിക്കുന്നതുപോലെ ലോമശഋഷി രചിച്ചതാണ്. (പുരാണകാഥികനായിരുന്നു ലോമശൻ. പുരാണങ്ങളിൽ കാണുന്ന പല ഉപകഥകളും ലോമശൻ പലഘട്ടങ്ങളിലായി പറഞ്ഞുകേൾപ്പിച്ചിട്ടുള്ളവയാണെന്ന് ലഘുപുരാണ നിഘണ്ടുവിൽ കാണാം[4]). അഗസ്ത്യരാമായണം അഗസ്ത്യമുനി രചിച്ചതാണ്. (തമിഴ് സാഹിത്യത്തിലെ ഏറ്റവും പുരാതനമായ 'തൊൽകാപ്യം' എന്ന വ്യാകരണ ഗ്രന്ഥം രചിച്ചത് അഗസ്ത്യന്റെ ഒരു ശിഷ്യനായ തൊൽകാപ്യർ ആയിരുന്നു.[5] മഞ്ജുള രാമായണം സുതിഷ്ണൻ എന്ന മുനിയും (വനവാസഘട്ടത്തിൽ രാമലക്ഷ്മണൻമാർ ഈ മുനിയുടെ ആശ്രമം സന്ദർശിച്ചതായി കാണാം). സൗപത്മരാമായണം ബ്രഹ്മാവിന്റെ മാനസപുത്രൻമാരിൽ ഒരാളും സപ്തർഷികളിൽ ഒരുവനുമായ അത്രിമഹർഷി രചിച്ചതാണ്. (ഋഗ്വേദം, അഞ്ചാം മണ്ഡലം പണ്ഡിതനായ അത്രി മഹർഷി രചിച്ചതാണത്രേ[6]).

മേൽപറഞ്ഞ 19 രാമായണകഥകളുടെയും ഘടന വാല്മീകിയിൽ നിന്നു വളരെ വ്യത്യസ്തമാണ്. മഹാരാമായണവും രാമായണമഹാമാലയും ശിവ-പാർവതീ സംവാദരൂപത്തിലാണ്. രാമായണമണിരത്നം വസിഷ്ഠ-അരുന്ധതീ സംവാദരൂപത്തിലും സൗര്യരാമായണം ഹനുമാൻ-സൂര്യസംവാദഘടനയിലും ചാന്ദ്രരാമായണം ഹനുമാന്റെയും സൂര്യന്റെയും സംവാദരൂപത്തിലും മൈന്ദരാമായണം മൈന്ദ-കൗരവ സംവാദരൂപത്തിലും സ്വയംഭൂവരാമായണം ബ്രഹ്മ-നാരദസംവാദത്തിലുമാണ്. സുവർച്ചസരാമായണമാകട്ടെ സുഗ്രീവ-താരാ സംവാദഘടനയിലും ദേവരാമായണ ഇന്ദ്ര-ജയന്ദ സംവാദരൂപത്തിലും ശ്രവണരാമായണം ഇന്ദ്ര-ജനക സംവാദരൂപത്തിലും ദുരന്തരാമായണം വസിഷ്ഠ-ജനകസംവാദഘടനയിലും രാമായണ ചമ്പു ശിവ-നാരദസംവാദരൂപത്തിലുമാണ്.

ഒരുപക്ഷേ, മുകളിൽ പരാമർശിച്ച രാമായണങ്ങൾ കൂടാതെ കാലത്തെ അതിജീവിക്കാത്ത ഒട്ടേറെ രാമായണങ്ങൾ ഉണ്ടായിരിക്കാനാണ് സാധ്യത. ആദിരാമായണത്തെ ആസ്പദമാക്കി വ്യത്യസ്ത പാഠങ്ങൾ ഉത്പാദിപ്പിക്കുന്ന അനേകം രാമായണങ്ങൾ ഉണ്ടായിരിക്കണം. അവയിൽ ഏറ്റവും മികച്ചതും വായനക്കാരെ ഏറ്റവും ആകർഷിച്ചതുമായിരിക്കണം വാല്മീകി രാമായണം.

രാമായണത്തിന്റെ കർതൃത്വം ഹനുമാനിൽ ആരോപിക്കുന്ന പാഠങ്ങൾ ഒട്ടേറെയുണ്ട്. രാമായണം എഴുതി പൂർത്തിയാക്കിയ ശേഷം പർവതശിഖരത്തിൽ നിന്ന് ഹനുമാൻ ആ കൈയെഴുത്തുപ്രതി വിതറിക്കളഞ്ഞുവത്രേ. അതു പെറുക്കിക്കൂട്ടുന്ന ജോലി മാത്രമാണ് വാല്മീകി ചെയ്തത് എന്നൊരു നാടോടിക്കഥയുണ്ട്.[7]

രാമൻ സീതയെ പരിത്യജിച്ച ശേഷം ഹനുമാൻ ഏറെ വേദന അനുഭവിച്ചു. രാമന്റെ ദുഃഖം കാണേണ്ടിവരിക കൂടി ചെയ്തപ്പോൾ ഹനുമാനത് താങ്ങാനായില്ല. അങ്ങനെ ഖിന്നനായി കഴിയുന്ന കാലത്ത് പാറക്കല്ലുകളിൽ ഹനുമാൻ രാമചരിതം രേഖപ്പെടുത്തിയത്രേ. ഒരിക്കൽ അതുവഴി വന്ന വാല്മീകി ശിലാഖണ്ഡങ്ങൾ കാണുകയും അതിൽ എഴുതിയ രാമകഥ വായിക്കുകയും ചെയ്തു. അത്യന്തം ഹൃദയഹാരിയായി തോന്നിയ ഈ കഥ, താൻ ഗ്രന്ഥരൂപത്തിലാക്കാമെന്ന് വാല്മീകി ഹനുമാനെ അറിയിച്ചു.

അതു കേട്ട മാത്രയിൽ ഹനുമാൻ അവ ഒന്നൊഴിയാതെ എടുത്ത് സമുദ്രത്തിൽ ആഴ്ത്തിയത്രേ. തന്റെ രാമനെക്കുറിച്ച് താൻ എഴുതിയ കാര്യങ്ങൾ മറ്റൊരാൾക്ക് നൽകുന്നതുപോലും ഹനുമാന് സഹിക്കാൻ കഴിയുമായിരുന്നില്ല.[8]

അട്ടപ്പാടിയിലെ വരഗമ്പാടി ഊരിലും ഊത്തുകുഴി ഊരിലും ഉള്ള ആദിവാസികൾ, വാല്മീകി മഹർഷി രാമായണം എഴുതി നേരിട്ടുവന്ന് ആദിവാസികളെ ഏൽപിച്ചു എന്നു വിശ്വസിക്കുന്നു. വാല്മീകി രാമായണമെഴുതിയത് തമിഴിലാണെന്നാണ് ഇവരുടെ വിശ്വാസം. വരഗമ്പാടി ഊരിലെ ഇരുളർ അവതരിപ്പിക്കുന്ന 'ശ്രീരാമ കുശലവ നാടകം' പ്രസിദ്ധമാണ്. ഇവരുടെ രാമായണ സങ്കൽപം വാല്മീകി രാമായണത്തിൽ നിന്നു ഭിന്നമാണ്.[9]

ഏറ്റവും രസകരമായ വസ്തുത, വാല്മീകി രാമായണം പോലും ഏകരൂപമല്ല എന്നതാണ്. ഗൗഡീയം, ദക്ഷിണാത്യം, പശ്ചിമോത്തരീയം എന്നിങ്ങനെ മൂന്നു പാഠങ്ങൾ വാല്മീകി രാമായണത്തിനുണ്ട്. ഇതിൽ ദാക്ഷിണാത്യപാഠത്തിനാണ് താരതമ്യേന കൂടുതൽ പ്രചാരം. ഓരോ പാഠത്തിലും മറ്റു പാഠങ്ങളിലില്ലാത്ത ധാരാളം ശ്ലോകങ്ങൾ കാണാം. ദാക്ഷിണാത്യ പാഠവും ഗൗഡീയപാഠവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ശ്ലോകങ്ങളുടെ സംഖ്യയുടെ മൂന്നിലൊന്നു മാത്രമേ ഓരോന്നിലും ഒരേ പാഠത്തിൽ കാണപ്പെടുന്നുള്ളൂ. മൂന്നു പാഠങ്ങളിലും ലഭ്യമാകുന്ന ശ്ലോകങ്ങളുടെ രൂപംതന്നെ ഒരുപോലെയല്ല. പല സ്ഥലങ്ങളിലും അവയുടെ ക്രമവും വ്യത്യസ്തമാണ് എന്ന് രാമായണ പണ്ഡിതനായ എച്ച്. യാക്കോബി വ്യക്തമാക്കുന്നു.[10]

വാല്മീകി രചിച്ച രാമായണം ഗായകസംഘത്തിലൂടെയും മറ്റും പ്രചരിച്ച് വളരെ കാലങ്ങൾക്കു ശേഷം വിഭിന്ന തലമുറകളിലൂടെ കടന്നുവന്ന് വരമൊഴി രൂപത്തിലായിത്തീർന്നുവെന്നതായിരിക്കാം ഈ പാഠാന്തരങ്ങൾക്ക് കാരണമെന്ന് കാമിൽ ബുൽക്കെ അനുമാനിക്കുന്നു.[11]

വാല്മീകി രാമായണത്തിന്റെ രചനാകാലവും ഖണ്ഡിതമല്ല. വാല്മീകി രാമായണം അനുസരിച്ച് 1,81,49,115 വർഷങ്ങൾക്കു മുമ്പാണ് വാല്മീകി രാമായണം രചിക്കപ്പെട്ടത്.[12] രാമായണ പണ്ഡിതൻമാർ ഈ കാലഗണന അംഗീകരിക്കുന്നില്ല. ഇത്രയും വർഷങ്ങൾക്കു മുമ്പ് മനുഷ്യവംശം പിറവിയെടുത്തിരുന്നുവോ എന്ന കാര്യം പോലും സംശയമാണ്. രാമായണ ഗവേഷകരിൽ ചിലരുടെ അഭിപ്രായം ഇങ്ങനെയാണ്:

1. ഡോ. എച്ച്. യാക്കോബി: ബി.സി. 6-ാം നൂറ്റാണ്ടിനും 8-ാം നൂറ്റാണ്ടിനും ഇടയിൽ.[13]
2. ശ്ലേഗൽ: ബി.സി. 11-ാം നൂറ്റാണ്ടിൽ.[14]
3. ജി. ഗോരേസിയോ: ഏകദേശം ബി.സി. 12-ാം നൂറ്റാണ്ട്.[15]
4. സി.വി. വൈദ്യ: ബി.സി. 2-ാം നൂറ്റാണ്ട്.[16]
5. എ.ബി. കീഥ്: ബി.സി. 4-ാം നൂറ്റാണ്ടിനു മുമ്പ്.[17]
6. കാമിൽ ബുൽക്കെ: ബി.സി. 300-ാമാണ്ടിനു മുമ്പ്.[18]

പുരാവസ്തു ഗവേഷകനായ എച്ച്.ഡി. സങ്കാലിയ 'രാമായണവും പുരാവസ്തു ഗവേഷണവും' എന്ന വിഷയത്തെപ്പറ്റി നാഗ്പൂർ സർവകലാശാലയിലെ പ്രാചീന ഇന്ത്യാചരിത്ര സാംസ്കാരിക സമാജത്തിൽ പ്രസംഗിക്കവെ, രാമായണത്തിന്റെ കാലം ബി.സി. 1000 ആണെന്നും അത് രചിക്കപ്പെട്ടത് എ.ഡി. 500-700 കാലഘട്ടത്തിലാണെന്നും പ്രസ്താവിക്കുകയുണ്ടായി.[19]

എന്തുതന്നെയായാലും, രാമായണത്തെക്കുറിച്ച് വസ്തുനിഷ്ഠപഠനം നടത്തിയ ഒരു പണ്ഡിതനും രാമായണകാലഘട്ടം 1,81,49,115 വർഷം മുമ്പ് എന്ന സങ്കൽപത്തെ അംഗീകരിക്കുന്നില്ല. ബി.സി. ആയിരാമാണ്ടിനപ്പുറം പോകുന്ന പണ്ഡിതൻമാരും കുറവാണ്. ബുദ്ധനെ

ക്കുറിച്ചുള്ള പരാമർശം ഉള്ളതിനാൽ രാമായണ കാലഘട്ടം ബുദ്ധനും ശേഷമാണെന്ന് അഭിപ്രായപ്പട്ട പണ്ഡിതന്മാരുണ്ട്.[20]

രാമായണത്തെപ്പറ്റിയുള്ള ഒരു പതിവുധാരണ രാമായണം ഹൈന്ദവരുടേത് മാത്രമാണെന്നാണ്. ഈയൊരു വിശ്വാസത്തോടെയാണ് പലപ്പോഴും രാമായണം ചർച്ച ചെയ്യപ്പെടാറുള്ളത്. ഇത് രാമായണത്തെ അതിന്റെ പാരമ്പര്യത്തിൽ നിന്നും മനസ്സിലാക്കാത്തതിന്റെ പരിമിതിയാണ്. രാമായണം ഹൈന്ദവരുടെ ഇടയിലെന്നപോലെ, ഏറിയോ കുറഞ്ഞോ ബൗദ്ധ–ജൈന–മുസ്ലിം–ദലിത്–ആദിവാസി വിഭാഗങ്ങൾക്കിടയിലും നിലനിൽക്കുന്നുണ്ട്. മതപാഠം എന്നതിനപ്പുറം സാംസ്കാരിക പാഠം എന്ന അർഥത്തിലാണ് രാമായണത്തിന്റെ പ്രചാരം. രാമായണം ഒരു ഇന്ത്യൻ ഇതിഹാസം എന്നതിനപ്പുറം ഏഷ്യൻ ഇതിഹാസമായി വളർന്നിട്ടുണ്ട്. ഒട്ടുമിക്ക ഏഷ്യൻ രാജ്യങ്ങളിലും രാമായണ പാഠങ്ങൾ നിലവിലുണ്ട്.

ബൗദ്ധസാഹിത്യത്തിൽ രാമായണത്തിനുള്ള സ്ഥാനം ആഴമാർന്നതാണ്. ശ്രീബുദ്ധൻ തന്റെ അസംഖ്യം പൂർവജന്മങ്ങളിൽ മൃഗ–മനുഷ്യരൂപങ്ങളിൽ ജന്മമെടുത്ത് പങ്കെടുത്തിട്ടുള്ള കഥകളാണ് ജാതകകഥകൾ. പ്രചാരത്തിലുള്ള പല കഥകളും സമർഥമായി ഈ ജാതകകഥകളിലേക്ക് സന്നിവേശിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ച് നന്മയിലും ധർമത്തിലും അധിഷ്ഠിതമായ കഥകൾ. വാമൊഴിയായി പ്രചരിച്ച രാകഥകളെ ഇത്തരത്തിൽ ബൗദ്ധർ സ്വന്തമാക്കിയിട്ടുണ്ടാവണം. ദശരഥജാതകം, അനാമകംജാതകം, ദശരഥകഥാനം എന്നീ മൂന്ന് ബൗദ്ധസാഹിത്യകൃതികളും രാമകഥയെ സംബന്ധിച്ചുള്ളവയാണ്. ബുദ്ധനും രാമനും ഈ കൃതികളിൽ കടന്നുവരുന്നു. ഇതിൽ ഏറ്റവും പ്രസിദ്ധം ദശരഥജാതകമാണ്. പ്രാചീന പാലീ ഭാഷയിലാണ് ഈ കൃതി രചിക്കപ്പെട്ടത്. 'അനാമകംജാതക'ത്തിന്റെ ഭാരതീയമായ മൂലരൂപം ഇപ്പോൾ ലഭ്യമല്ല. ക്രിസ്തുവർഷം മൂന്നാം ശതാബ്ദത്തിൽ കാങ്–സേങ്–ഹുയി ഈ കൃതി 'ലിയെ ഊതൂത് സീകിംഗ്' എന്ന പേരിൽ ചീനഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ദശരഥജാതകത്തിലുള്ള രാമകഥാരൂപമാണ് രാമായണകഥയുടെ മൂലരൂപമെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്. ഡോ. വെബർ, ദിനേശ ചന്ദ്രസേനൻ [21] തുടങ്ങിയവർ ഈ പക്ഷക്കാരാണ്. എന്നാൽ മറ്റു പല പണ്ഡിതന്മാരും ഈ വാദത്തെ നഖശിഖാന്തം എതിർക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു.

ബൗദ്ധജാതകങ്ങളിലെ കഥ അനുസരിച്ച് ദശരഥന്റെ രാജധാനി അയോധ്യയിലല്ല; വാരാണസിയിലാണ്. ബൗദ്ധസാഹിത്യ കൃതികളിൽ പ്രസിദ്ധമായ 'പാലിതിപിടക'ത്തിന്റെ രചന വാല്മീകി രാമായണത്തിനു മുമ്പാണെന്നും അതിനാൽ ബൗദ്ധസ്വാധീനം രാമായണത്തിൽ പതിയുക സ്വാഭാവികമാണെന്നും എം. മോണിമർ വില്യംസ് അഭിപ്രായപ്പെടുന്നു.[22]

രാമായണത്തിന്റെ രചനാ കാലത്ത് കോസലത്തിൽ ബുദ്ധമതം വേണ്ടത്ര പ്രചരിച്ചു കഴിഞ്ഞിരുന്നു. അതുകൊണ്ട് വാൽമീകി ബ്രാഹ്മണമതത്തിന്റെ ചുറ്റുപാടിലാണ് ജീവിച്ചതെങ്കിലും പരോക്ഷമായി ബൗദ്ധദർശനങ്ങളാൽ പ്രഭാവിതനായിരുന്നു എന്ന് മോണിമർ വില്യംസ് അനുമാനിക്കുന്നു. വാൽമീകി രാമായണത്തിന്റെ ദാക്ഷിണാത്യ പാഠത്തിൽ ഒരിടത്ത് രാമൻ ബുദ്ധനെ കുറിച്ച് പറയുന്നുണ്ട്. ജാബാലി വൃത്താന്തത്തിലാണ് ഇതുള്ളത്. ജാബാലി ബുദ്ധമത പ്രതിനിധിയാണെന്നാണ് രാമായണ ഗവേഷകനായ ഹ്വീലിന്റെ അഭിപ്രായം. ജാബാലി പരലോക വാദത്തെ നിഷേധിക്കുന്ന നാസ്തികവാദം ഉന്നയിക്കുമ്പോൾ രാമൻ അത് നിഷേധിക്കുന്നു. രാമൻ ഈ സന്ദർഭത്തിൽ ബുദ്ധൻ നാസ്തികനും ചോരനുമാണെന്ന് അധിക്ഷേപിക്കുന്നു. ഈ ഭാഗം പശ്ചിമോത്തരീയ പാഠത്തിൽ ലഭ്യമല്ലെന്ന് കാമിൽ ബുൽക്കെ 'രാമകഥ'യിൽ പറയുന്നു.

ശ്രീ. ദിനേശ ചന്ദ്രസേനന്റെ അനുമാനം, വാൽമീകി ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ദശരഥജാതകത്തിലെ സരള വൃത്താന്തം വികസിപ്പിച്ചുവെന്നാണ്. ബുദ്ധതപസ്യയുടെയും ഭിക്ഷുവൃത്തിയുടേയും രൂപത്തിൽ ആദികവി രാമായണത്തിൽ ഹിന്ദു ഗൃഹസ്ഥ ജീവിതത്തിന്റെ ആദർശം തന്റെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുകയാണത്രെ ചെയ്തത്. ''രാമായണവും ബൗദ്ധകഥയും തമ്മിൽ തുലനപ്പെടുത്തുമ്പോൾ വിശ്വകവിയായ വാൽമീകി ഈ അപരിഷ്കൃതമായ ബൗദ്ധകഥയെ എത്ര സമർഥമായി ഉൽക്കർഷത്തിന്റെ സീമയോളം എത്തിച്ചുവെന്നു സ്പഷ്ടമാകുന്നു'' എന്ന് 'ദി ബംഗാളി രാമായണാസ്' എന്ന കൃതിയിൽ (പുറം 7) ദിനേശ് ചന്ദ്രസേനൻ.

ചുരുക്കത്തിൽ, രാമായണവുമായി ബന്ധപ്പെട്ട ഏതൊരു ചർച്ചയിലും ബൗദ്ധരാമകഥകളായ ജാതകകഥകളെ മാറ്റി നിർത്താനാവില്ല. അത്രമേൽ അവ കെട്ടുപിണഞ്ഞു കിടക്കുകയാണ്.

ഇന്ത്യയിൽ പിറവിയെടുത്ത പ്രബല മതങ്ങളിൽ ഒന്നായ ജൈനമതത്തിനും സമ്പന്നമായ രാമകഥാ സാഹിത്യമുണ്ട്. വിമലാസുരി പ്രാകൃത ഭാഷയിൽ രചിച്ച 'പഉമചരിയ'മാണ് ജൈന രാമകഥാസാഹിത്യത്തിൽ ഏറ്റവും പ്രസിദ്ധം. ക്രിസ്തുവർഷം 72ൽ എഴുതപ്പെട്ട കൃതിയാണി

ഇന്ത്യൻ സംസ്കാരവും അറബിസംസക്കാരവും സ്വാധീനിച്ച ഒരു സമൂഹത്തിന്റെ സംഭാവന യാണ് ഫിലിപ്പൈൻസിലെ രാമകഥ.

സമ്പന്നമായ വാമൊഴി, വരമൊഴി രാമകഥാസാഹിത്യത്തിനുടമകളാണ് മലേഷ്യക്കാർ. നിഴൽപ്പാവനാടങ്ങളിലൂടെ അവർ അതിനെ സജീവമായി നിലനിർത്തുന്നു. ഇത്തരം നിഴൽ പാവനാടകങ്ങൾ സമാഹരിച്ച സെരീട്ര മഹാരാജവാന എന്ന കൃതി മലേഷ്യയിൽ ഏറെ പ്രചാരമുള്ളതാണ്. 'പെൻഗ്ലീപർ ലാറ' എന്ന രാമായണകഥകളുടെ സമാഹാരവും പ്രസിദ്ധമാണ്. ഈ കൃതി പ്രകാരം രാവണന് 12 തലകളാണുള്ളത്. 'സെരിട്ര മഹാരാജവാന'യിൽ സീതയുടെ പേര് 'സിതി' എന്നാണ്. അയോധ്യയുടെ പേര് സെർത്താപൂരമെന്നാണ്.

മലേഷ്യയിൽ രാമകഥാസാഹിത്യം ഇപ്പോൾ സജീവതയോടെ നിലനിൽക്കുന്നത് രംഗാവിഷ്കാരങ്ങളിലൂടെയാണ്. ദുർദാവാൻ ഐെസിങ്കാ, ഡബ്ല്യൂ.ജി. ഷെല്ലാബിയർ എന്നിവർ എഡിറ്റു ചെയ്ത നിഴൽനാടക സമാഹാരങ്ങൾ ശ്രദ്ധേയമാണ്.

മലേഷ്യൻ രാമകഥകളിൽ ഉപേക്ഷിക്കപ്പെട്ട സീത വാൽമീകി ആശ്രമത്തിൽ എത്തിച്ചേരുന്നില്ല. പകരം ജനക മഹാരാജാവ് തന്നെയാണ് സ്വീകരിക്കുന്നത്. മലേഷ്യയിലെ ഒട്ടേറെ രാമകഥാ പതിപ്പുകളിൽ ലവൻ വിവാഹം ചെയ്യുന്നത് ഇന്ദ്രജിത്തിന്റെ മകളെയാണ്. കുശൻ മറ്റൊരു രാക്ഷസന്റെ പുത്രിയേയും. ചില കഥകളിൽ കുശൻ ലങ്കാധിപനായി മാറുന്നുണ്ട്. ശിവഭക്തനായ രാവണനെ അവതരിപ്പിക്കുന്ന ചില രാമായണ പാഠങ്ങൾ അവിടെയുണ്ട്. ശിവഭക്തിയാൽ അനുഗൃഹീതനായ രാവണൻ സർവൈശ്വര്യ സമ്പന്നമായ ലങ്ക കെട്ടിപ്പടുക്കുവാൻ കഴിഞ്ഞു എന്ന് അവയിൽ കാണാം.

ചൈനയിലെ 'ഹിഷിയുച്ചി'(രചിച്ചത് വ്യൂചെങ്-എൻ. Monkey The എന്നാണ് ഇംഗ്ലീഷ് പരിഭാഷയുടെ പേര്). ഞമാമൃമിമ ശി ഇവശിമ (ഡോ. രഘുവീര, ഷിക്കിയോ യമാമോട്ടോ എന്നിവർ ചേർന്ന് രചിച്ചത്), ജാതക ഓഫ് ദി അൺ നെയിംഡ് കിംഗ് (വിവർത്തനം ചെയ്തത് സോഡ്ജിയൻ മോങ്ക് കാൾസെങ്ഹുയി) എന്നീ കൃതികൾ ചൈനയിലെ രാമകഥാസാഹിത്യം എന്തെന്ന് നമുക്ക് പരിചയപ്പെടുത്തിത്തരുന്നു. ബൗദ്ധരാമകഥാ പാരമ്പര്യത്തിനാണ് അവിടെ പ്രചാരം.

ജപ്പാനിലെ രാമായണകഥകൾക്ക് ബന്ധം ചൈനയിലെ ത്രിപീടികയുടെ ടായ്ഷോ പതിപ്പിനോടും തായ്ലാന്റിലെ രാമായണ സംഗീത-നൃത്തരൂപങ്ങളോടുമാണ്. 'ദോരാഗാകു' എന്നാണ് ജപ്പാനിൽ ഏറെ പ്രചാരമുള്ള രാമയാണത്തെ അഭിസ്ഥാനമാക്കിയുള്ള നൃത്തരൂപത്തിന്റെ പേര്. ചിത്രകലയിലും രാമായണ ഇതിവൃത്തം അവിടെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

പൊതുവെ വിദേശ രാമായണ കഥകൾ വാൽമീകി രാമായണത്തോട് ബൗദ്ധരാമകഥാ പാരമ്പര്യങ്ങളും ബന്ധം പുലർത്തുന്നവയാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലുംസൂക്ഷ്മാർഥത്തിൽ, അതത് രാജ്യങ്ങളുടെ നിറവും ഗന്ധവും ഉള്ളവയാണെന്ന് പെട്ടെന്ന് തിരിച്ചറിയുവാനാകും. അതാത് രാജ്യങ്ങളിലെ ജനജീവിതവും വിശ്വാസാചാരങ്ങളും അവയിൽ നിഴലിക്കുന്നതായി കാണാം. ഉദാഹരണാമായി, ബഹുഭർതൃത്വം നിലനിന്നിരുന്ന പ്രദേശമായ പഴയ ടർക്കിസ്ഥാന്റെ കിഴക്കൻ പ്രദേശങ്ങൾ ചേർന്ന ഖോത്താനിൽ പ്രചരിച്ച രാമകഥയിൽ സീതയെ വിവാഹം ചെയ്യുന്നത് രാമനും ലക്ഷ്മണനുമാണ്.

ഒരിന്ത്യൻ കഥയുടെ തനി വിവർത്തനമായി മറ്റൊരു രാജ്യത്തും രാമകഥ നിലനിൽക്കുന്നില്ല. രാമകഥയെ ഭക്തിയുടെ പരകോടികളിൽ പ്രതിഷ്ഠിക്കുന്ന രീതിയും വിദേശങ്ങളിൽ പൊതുവെ നിലനിൽക്കുന്നില്ല. രാമകഥാസാഹിത്യം പുഷ്കലമായി നിലനിൽക്കുന്ന മലേഷ്യയിലെ രാമകഥാ സാഹിത്യപാരമ്പര്യത്തെക്കുറിച്ച് ഒരഭിമുഖത്തിൽ മലേഷ്യൻ ഉപമുഖ്യമന്ത്രിയായിരുന്ന അൻവർ ഇബ്രാഹിം പറയുന്നത് ഇങ്ങനെയാണ്: ''ഞാൻ അഞ്ചു നേരവും നമസ്കരിക്കുന്ന ഒരു മുസ്ലിമാണ്. ഞങ്ങളുടെ സാംസ്കാരികാഘോഷങ്ങളിൽ രാമായണത്തിനും മഹാഭാരതത്തിനും നിർണായകമായ സ്വാധീനമുണ്ട്. മലേഷ്യയുടെ മിക്ക ഭാഗങ്ങളിലും അവ പാരായണം ചെയ്യുന്ന മുസ്ലിംകളുണ്ട്. പഞ്ചതന്ത്രവും ഈസോപ്പുകഥകളും പോലെ ഞങ്ങൾ അവ ഇഷ്ടപ്പെടുന്നു. ഞങ്ങളുടെ മഹാഭാരതവും രാമായണവും ഒരു പക്ഷേ ഇന്ത്യയിൽ നിങ്ങൾ കാണുന്ന അതേ പ്രകാരത്തിൽ ആയിക്കൊള്ളണമെന്നില്ല. എനിക്ക് തോന്നുന്നത് അവ മലേഷ്യയിൽ ഇസ്ലാമികമായി മാറ്റി എഴുതപ്പെട്ടിട്ടുണ്ട് എന്നാണ്. ഞങ്ങളുടെ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് സംസ്കാരത്തിന്റെ ഭാഗമായി ഈ ഇതിഹാസങ്ങളെ ഉൾക്കൊണ്ടു എന്നാണ്.''[25] അൻവർ ഇബ്രാഹിമിന്റെ വാക്കുകൾ മലേഷ്യയിൽ രാമായണപാരമ്പര്യത്തിനു മാത്രമല്ല, രാമായണം പ്രചരിച്ച മറ്റു രാജ്യങ്ങൾക്കും ബാധകമാണ്.

രാമകഥയ്ക്ക് മുകളിൽ പറഞ്ഞ രീതിയിൽ അസംഖ്യം വരമൊഴിപാഠങ്ങൾ നിലനിൽക്കവെ തന്നെ, എണ്ണി തിട്ടപ്പെടുത്താവാനാകാത്തവിധം വാമൊഴിപാഠങ്ങൾ ഉണ്ടാവുകയും ഉണ്ടായി കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. വരമൊഴിപാഠങ്ങൾ ഖരരൂപത്തിലുള്ളതാണെങ്കിൽ വാമൊഴിപാഠങ്ങൾ ദ്രവരൂപമാർന്നതാണ്. ഒഴുകി കൊണ്ടിരിക്കുന്നതും നവീകരിച്ചുകൊണ്ടിരി

ുന്നതുമാണ്. ഒരേ പാഠനത്തിന് തന്നെ അസംഖ്യം പാഠാന്തരങ്ങൾ കാണാം. ഒരു വാമൊഴി ഥ അതേ രൂപത്തിൽ എത്ര കാലം നിലനിൽക്കും എന്നു പോലും പറയുവാനാകില്ല. ഒരാളിൽ ിന്ന് മറ്റൊരാളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ തന്നെ അതിൽ മാറ്റങ്ങൾ സംഭവിക്കാം. റയുന്ന ആളിന്റെ അറിവ്, ജീവിത പശ്ചാത്തലം, ലിംഗം, ജാതി തുടങ്ങിയവയെല്ലാം കഥ റച്ചിലിലും സ്വാധീനം ചെലുത്തിയേക്കാം. അതിനാൽ വാമൊഴി പാരമ്പര്യത്തിൽ, രാമായണ ത്തിന് ലിംഗപാഠം (സ്ത്രീപക്ഷം, പുരുഷപക്ഷം), ജാതിപാഠം (ദലിത്പക്ഷം, സവർണപക്ഷം, ആദിവാസിപക്ഷം), പ്രാദേശികപാഠം (ഉദാഹരണം: വയനാടൻ രാമായണം, തായ്‌ലാന്റിലെ അയൂധ്യ'യിൽ നിലനിൽക്കുന്ന പ്രാദേശിക പാഠം) എന്നിവയൊക്കെ സാധ്യമാണ്. തങ്ങൾ ർത്തമാനകാലത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ നിഴലാട്ടം പോലും വാമൊഴി കഥപാ മ്പര്യത്തിലുള്ള രാമകഥകളിൽ കാണാം. (വയനാട്ടിലെ 'അടിയ രാമായണ'കഥ അവതരിപ്പി ുന്ന മാതൈ, അടിയാൻമാരുടെ ഭൂരഹിതാവസ്ഥലങ്കാ ദഹനഘട്ടത്തിൽ സൂചിപ്പിക്കുന്നത് ദാഹരണം).[25]

വാമൊഴി പാരമ്പര്യത്തിൽ, ആദിവാസികൾക്കിടയിൽ നിലനിൽക്കുന്ന രാമകഥാപാരമ്പര്യം വിശേഷപഠനം അർഹിക്കുന്ന മേഖലയാണ്. കേരളത്തിനു പുറത്ത് ഇത്തരത്തിലുള്ള നിര ധി പഠനങ്ങൾ നടന്നിട്ടുണ്ട്. പ്രത്യേകിച്ച്, സന്താലി, കോല, ഉറാംവ്, ഗോണ്ട്, ബിർഹോർ, ർധാൻ, ബൈഗാ-ഭൂമിയാ, ആഗാരിയ, മുണ്ഡ തുടങ്ങിയ വിഭാഗങ്ങൾക്കിടയിൽ നടന്ന ഗവേ ഷണങ്ങൾ എടുത്തുപറയേണ്ടതാണ്. ഇവയിൽ പല വിഭാഗങ്ങളും രാമായണ പാരമ്പര്യം അവ കാശപ്പെടുന്നവരാണ്. ഗോണ്ട്, ഉറാംവ് ജാതികൾ, തങ്ങൾ രാവണന്റെ വംശജരാണെന്ന് അവ കാശപ്പെടുന്നു.[26]

മധ്യഭാരതത്തിലെ കോലൻമാർ തങ്ങൾ രാമായണ കഥാപാത്രമായ ശബരിയുടെ വംശ ത്തിൽ പെട്ടവരാണെന്ന് വാദിക്കുന്നു.[27]

ഹനുമാന്റെ വംശത്തിൽ പെട്ടവർ എന്നവകാശപ്പെടുന്ന, വാനരൻ എന്നർത്ഥമുള്ള ഒട്ടേറെ ജാതികൾ ഇന്ത്യയിലുണ്ട് (ബജ്റംഗ്, ഹൽമാൻ, ഗഢി, തിഗ്ഗ).

'വാൽമീകി' എന്നതും ഉത്തരേന്ത്യയിലെ ഒരു ജാതിപ്പേരാണ്. വാൽമീകി മഹർഷി തങ്ങ ുടെ സമുദായത്തിൽപെട്ട ആളായിരുന്നു എന്ന് ഈ പിന്നോക്ക ജാതിക്കാർ അഭിമാനിക്കുന്നു.

കേരളത്തിലെ ഇരുളർ, അടിയർ, കുറിച്യർ, മുള്ളകുറുമാർ, പണിയർ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾക്കിടയിൽ രാമായണകഥകൾ പ്രചാരത്തിലുണ്ട്. രാമായണത്തെ തങ്ങളുടെ ജീവിതചുറ്റുപാടുകളിലേക്കും വിശ്വാസാചാരങ്ങളിലേക്കും സന്നിവേശിപ്പിക്കുകയാണ് അവർ ചെയ്തത്.[28]

വാൽമീകി രാമായണത്തിൽ നിന്ന് ഏറെ വ്യത്യസ്തമായ പാഠമാണ് വയനാട്ടിലെ വാമൊഴി രാമായണങ്ങൾ മുന്നോട്ടുവെക്കുന്നത്. അവ എ.കെ. രാമാനുജൻ മുതൽ ഡോ. കെ.എൻ. പണിക്കർ വരെയുള്ളവർ നിരീക്ഷിച്ചതുപോലെ സ്വതന്ത്രമായ 'പറയലു'കളാണ്.

വയനാടിന്റെ സംസ്ക്കാരികവും സാമൂഹികവും പ്രാദേശികവും പ്രകൃതിസംബന്ധിയുമായ പ്രത്യേകതകളുമായി ഇഴുകിച്ചേർന്നിട്ടുള്ളവയാണ് വയനാൻ രാമകഥകൾ. തീർച്ചയായും രാമാ യണസാഹിത്യമെന്ന മഹാസമുദ്രത്തിലേക്കുള്ള അരുവികളാണിവ. ഇന്ത്യൻ ഇതിഹാസ ത്തിന്റെ ബഹുസ്വരമായ വ്യാഖ്യാനങ്ങളിലും പാഠവൈപുല്യത്തിലും ഇവയുടെ ശബ്ദമുണ്ട്. ഏതെങ്കിലും പാഠത്തെ മാത്രം ശുദ്ധപാഠമായി പ്രതിഷ്ഠിക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. നിശ്ചയമായും ഈ പാഠവൈപുല്യം/ ബഹുസ്വരത രാമായണത്തിന്റെ പരിമിതിയല്ല;അനന്ത മായ സാധ്യതയാണ് പ്രഘോഷിക്കുന്നത്.

## അടിക്കുറിപ്പ്

1. *'രാമകഥ ഉദ്ഭവവും വളർച്ചയും'*, ഫാദർ കാമിൽ ബുൽക്കെ, പുറം 47, കേരള സാഹിത്യ അക്കാദമി, 1999.
2. *'രാമായണ പഠനങ്ങൾ'*, സങ്കാലിയ, ഫോക്കസ് ബുക്സ്
3. കൃത്സ്നം രാമായണം കാവ്യം ഗായതാം പരയാമുദാ-
ഋഷി വാടേഷു പുണ്യേഷു ബ്രാഹ്മണാ വസഥേഷ്ടച
രഥ്യാസു രാജ മാർഗേഷു പാർഥിവാനാം ഗൃഹേഷുച
(*വാല്മീകി രാമായണം,* ബാലകാണ്ഡം, സർഗം 4).
4. *ലഘു പുരാണനിഘണ്ടു,* വെട്ടം മാണി, പുറം 520, നാഷനൽ ബുക്സ്റ്റാൾ, 1999.
5. അതേ കൃതി, പുറം 14
6. അതേ കൃതി, പുറം 33
7. *മാതൃഭൂമി ആഴ്ചപ്പതിപ്പ്* 2006 ജനുവരി 1–7, 'പുരാണകഥകളുടെ നിറവിൽ ഹനുമാൻ ഷട്ടി', എം.പി. വീരേന്ദ്രകുമാർ
8. *പുരാണിക് എൻസൈക്ലോപീഡിയ,* വെട്ടം മാണി, പുറം 1037, കറന്റ് ബുക്സ്, 1993
9. *ഗോത്രസ്മൃതി* സ്മരണിക, പുറം 237–238. *ശ്രീരാമ കുശലവനാടകം*, രാജൻ സി.പി. (അട്ടപ്പാടി)

തയ്യാറാക്കിയത്. (കേരള സാക്ഷരതാ സമിതി പ്രസിദ്ധീകരിച്ചത്).
*വയനാടൻ രാമായണം,* പുറം 170
10. *ഡസ് രാമായണ,* എച്ച്. യാക്കോബി, പുറം 3. ഉദ്ധരണി: രാമകഥ ഉദ്ഭവവും വളർച്ചയും, പുറം 47
11. *രാമകഥ ഉദ്ഭവവും വളർച്ചയും,* കാമിൽ ബുൽക്കെ, പുറം 47, കേരള സാഹിത്യ അക്കാദമി, 1999
12. *വേദഹൃദയത്തിലൂടെ,* ഡോ. കെ.ആർ. രാമൻ നമ്പൂതിരി, പുറം 101, പൂർണ പബ്ലിക്കേഷൻസ്, 2006.
യുഗകണക്കുകൾ ഈ ലേഖനത്തിൽ രാമൻ നമ്പൂതിരി നൽകിയിട്ടുണ്ട്.
13. *ഡസ് രാമായണ,* പുറം 101
14. ജർമൻ ഓറിയന്റൽ ജേർണൽ, ഭാഗം 3, പുറം 397
15. *The Kashmiri Ramayanas,* Bibl.Ind calcutta. 1930
16. *ദി റിഡിൽ ഓഫ് രാമായണ,* ഏഷ്യാറ്റിക് സൊസൈറ്റി 1955
18. *രാമകഥ ഉദ്ഭവവും വളർച്ചയും,* കാമിൽ ബുൽക്കെ, പുറം 53
19. *വേദഹൃദയത്തിലൂടെ,* ഡോ. കെ.ആർ. രാമൻ നമ്പൂതിരി, പുറം 100. പൂർണ പബ്ലിക്കേഷൻസ്, 2006
20. ദാക്ഷിണാത്യപാഠത്തിൽ, ജാബാലിയുടെ വൃത്താന്തത്തിൽ രാമൻ ബുദ്ധനെ നാസ്തികനെന്നും ചോരനെന്നും വിളിക്കുന്നുണ്ട്: ''യഥാഹി ചോരഃ സതഥാ ഹി ബുദ്ധ സ്തഥാഗതം നാസ്തിക മത്ര വിദ്ധി'' (രാമായണം 2: 109–30–39).
21. ദി ബംഗാളി രാമായണാസ്, ദിനേശ ചന്ദ്രസേനൻ, പുറം 7
22. ഇന്ത്യൻ വിസ്ഡം, എം. മോണിയർ വില്യംസ്, പുറം 316
23. ഭാഷാപോഷിണി, പ്രൊഫ. ബി. സുരേന്ദ്രറാവു, 2003 ഒക്ടോബർ
24. അഭിമുഖം: അൻവർ ഇബ്രാഹീം/ എ. റഷീദുദ്ദീൻ, മാധ്യമം ദിനപത്രം, 2005 ഏപ്രിൽ 11
25. ഡോ. അസീസ് തരുവണ, വയനാടൻ രാമായണം, പുറം 26
കറന്റ് ബുക്സ് തൃശൂർ, 2009
26. ദി ഉറാവോംസ്, ശരശ്ചന്ദ്ര റായ്, പുറം 14
27. ദി കോല ട്രൈബ് ഓഫ് സെൻട്രൽ ഇന്ത്യ, പുറം 207, ഡബ്ല്യൂ. ജി. ഗ്രിഫിത്സ്
28. വിശദവിവരങ്ങൾക്ക് 'വയനാടൻ രാമായണം' കാണുക.

Dr.AzeezTharuvana
Assistant Dirtector
Tribal Studies and Research
University of Calicut
Ph.948657534
09048657534
azeeztharuvana@gmail.com
www.azeeztharuvana.blogspot.com